AKPCTA

# kerala private college teacher

March 1987

മാർച്ച് 28, 29 തീയതികളിൽ

കോട്ടയത്തു നടക്കുന്ന

**A. K. P. C. T. A STATE CONVENTION**

വിജയിപ്പിക്കുക

PRIVATE COLLEGE TEACHER.

# സസ്പെൻഷൻ റദ്ദാക്കുക

കേരളായൂണിവേഴ്സിററിയുടെ തലപ്പത്തിരിക്കുന്നവർക്ക് അവിടെ പ്രശ്നങ്ങൾ ഉണ്ടാക്കിയാലേ നിലനിൽക്കാനാകൂ. പ്രശ്നങ്ങളുടെ മറവിൽ തങ്ങളുടെ അഴിമതികൾ നിർബാധം തുടരാമെന്നതാണ് ബുദ്ധി! ഇപ്പോൾ അവർ 46 ജീവനക്കാരെ കൂട്ടത്തോടെ സസ്പെൻറ് ചെയ്തിരിക്കയാണ്. എന്തിന്റെ പേരിലാണ് ഈ നടപടി? ജനുവരിമാസത്തെ ശമ്പളം വണ്ടിച്ചെക്കായി നൽകിയതിൽ പ്രതിഷേധിച്ചും ശമ്പളവും അലവൻസുകളും ലീവ് സറണ്ടർ ആനുകൂല്യങ്ങളും യഥാസമയം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടും പ്രൊ. വൈസ്ചാൻസ്ലർക്ക് കൂട്ട നിവേദനം നൽകിയ 46 ജീവനക്കാരെയാണ് സസ്പെൻറ് ചെയ്തത്. യൂണിവേഴ്സിററി ജീവനക്കാരുടെ സംസ്ഥാന സമരസമിതി കൺവീനറും കേരളാ യൂണിവേഴ്സിററി എംപ്ലോയീസ് യൂണിയൻ പ്രസിഡൻറുമായ ജി. സോമശേഖരൻ നായർ, സ്ററാഫ് അസോസിയേഷൻ സെക്രട്ടറി വി. രത്തൻ തുടങ്ങിയവരെയാണ് സസ്പെൻറു ചെയ്തിരിക്കുന്നത്.

പ്രീഡിഗ്രി ബോർഡ് സമരം കഴിഞ്ഞ സമയത്ത് വനിതാ ജീവനക്കാരെ മുറിയിൽ വിളിച്ചു വരുത്തി "നിനക്കൊക്കെ ഞാനാ ശമ്പളം തരുന്നതെന്നോർത്തോളണം" എന്ന ശുംഭത്തരം എഴുന്നള്ളിച്ചയാളാണ് ഇപ്പോഴത്തെ വൈസ്ചാൻസലർ. ചക്കിക്കൊത്ത ചങ്കരൻ എന്നവണ്ണം ഒരു പ്രൊ വൈസ് ചാൻസ്ലറുമുണ്ട്, ജീവനക്കാരെന്നാൽ പഴയകാലത്തെ കൂലി അടിമകളാണെന്നാണ് ഇവററകളുടെ വിചാരം. ജോലി ചെയ്താൽ കൂലി കിട്ടണം. കിട്ടിയില്ലെങ്കിൽ അതു ചോദിച്ചുവാങ്ങിക്കാനും ജീവനക്കാരനറിയാം. അപ്പോൾ സസ്പെൻഷനെന്ന ഓലപ്പാമ്പുകാണിച്ചിട്ടു കാര്യമില്ല. ഇതിനെക്കാൾ വലിയ തറവേലകളല്ലേ കുറച്ചുനാൾ

---

പത്രാധിപ സമിതി

ചെയർമാൻ: ടി. ഗോപാലകൃഷ്ണൻ പത്രാധിപർ: വി. എൻ. മുരളി

അംഗങ്ങൾ

വി. നാരായണൻകുട്ടി, ടി. കെ. ജി. നായർ, ആർ. രവീന്ദ്രൻനായർ, എൻ. എൻ. ആനന്ദൻ
കെ. എൻ. ഗണേഷ്, കെ. സുകുമാരൻ നായർ, എൻ.പി. ഹാഫീസ്, മുഹമ്മദ്, ടി.കെ. ലവൻ


Reconcile/axna

മുമ്പ് യൂണിവേഴ്സിററിയിൽ കാട്ടികൂട്ടിയത് ? എന്നിട്ടും എന്തുണ്ടായി? അഗ്നിപരീക്ഷകളെ അതിജീവിക്കാൻ അന്നും ജീവനക്കാർക്ക് കഴിഞ്ഞിട്ടുണ്ടെങ്കിൽ ഇപ്പോഴത്തെ ഈ വിപ്പിടികാണിക്കലിനേയും ജീവനക്കാർ നേരിടും.

ഓരോ ദിവസം കഴിയുന്തോറും, കെടുകാര്യസ്ഥതകൊണ്ട് തകരുകയാണ് കേരളായൂണിവേഴ്സിററി. പ്രീഡിഗ്രി ബോർഡിനെതിരേ സമരം നടന്ന കാലത്ത് അധികാരികൾ നടത്തിയ സാമ്പത്തികത്തിരിമറികൾ ഇന്നിപ്പോൾ പുറത്തുവന്നിട്ടുണ്ട്. (സിൻഡിക്കേററ് കമ്മററി നടത്തിയ അന്വേഷണത്തിൻെറ വിവരങ്ങൾ അന്യത്ര കൊടുത്തിട്ടുണ്ട്) മാർക്ക് ലിസ്റ്റ് തയാറാക്കിയ കമ്പ്യൂട്ടർ സെൻററിന് 4ലക്ഷം രൂപയാണ് അന്നു കൊടുത്തത്. ഒരു ലക്ഷം രൂപപോലും കൊടുക്കേണ്ടാത്തിടത്താണ് ഈ ധൂർത്ത് നടത്തിയത്. ഇങ്ങനെ എത്രയെത്ര അഴിമതികൾ. ഈ അഴിമതികളൊക്കെ പുറത്തുവരാതെയിരിക്കാനും, ജനശ്രദ്ധ തിരിച്ചുവിടാനുമുള്ള അടവാണ് ഈ സസ്പെൻഷനും മററും. ഉത്സവപറമ്പിൽ ആന വിരണ്ടെന്നുപറഞ്ഞ് മാലമോഷ്ടിക്കുന്ന ആ പഴയ അടവുതന്നെ.

ഒരു ഭാഗത്ത് വണ്ടിച്ചെക്കു കൊടുക്കുകയും മറുഭാഗത്ത് അതു ചോദ്യം ചെയ്യുന്നവരെ സസ്പെൻറു ചെയ്യുകകയും ചെയ്യുന്ന യൂണിവേഴ്സിററി ഏറെ പരിഹാസ്യമായ ഒരവസ്ഥയിലാണിപ്പോൾ. വിവേകം അൽപമെങ്കിലും അവശേഷിക്കുന്നെങ്കിൽ അധികാരികൾ ചെയ്യേണ്ടത് യൂണിവേഴ്സിററിയിൽ സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കുകയാണ്. യൂണിവേഴ്സിററി എന്നാൽ വലിയകുറെ കെട്ടിടങ്ങളും, ഇടവും വലവും പോലീസുകാരെ വച്ചുകൊണ്ടുള്ള കാറോട്ടവുമൊന്നുമല്ല. ആകെ തകർന്നിരിക്കുന്ന യൂണിവേഴ്സിററിയെ കൂടുതൽ തകർച്ചയിലേയ്ക്ക് തള്ളിവിടരുത്. സൗഹാർദ്ദത്തോടെ പ്രശ്നങ്ങളെ നേരിടാനും പരിഹരിക്കാനും പററിയ അന്തരീക്ഷമുണ്ടാക്കണം. എത്രയും പെട്ടെന്നുതന്നെ സസ്പെൻഷൻ പിൻവലിക്കുക. ജീവനക്കാർക്ക് അവരുടെ ന്യായമായ അവകാശങ്ങൾ ഉന്നയിക്കാനുള്ള അവകാശത്തിനുമേൽ അധികാരികൾ കയ്യേററം നടത്തരുത്.

ശിക്ഷണ നടപടികളുമായി മുന്നോട്ടുപോകാനാണ് അധികാരികൾ തീരുമാനിക്കുന്നതെങ്കിൽ ജീവനക്കാർ ഒററയ്ക്കായിരിക്കില്ല എന്നുമാത്രം ഞങ്ങൾ പറയുന്നു. അവകാശങ്ങൾക്കുള്ള പോരാട്ടം മുന്നോട്ടുകൊണ്ടുപോകുന്ന യൂണിവേഴ്സിററി ജീവനക്കാർക്ക് എ.കെ.പി.സി.ടി.എ.യുടെ അഭിവാദ്യങ്ങൾ.



# ഡോക്ടർ ബിരുദം

എ. കെ. പി. സി. ടി. എ യുടെ സജീവാംഗവും ആലപ്പുഴ എസ്. ഡി. കോളേജിലെ ബോട്ടണി പ്രൊഫസറുമായിരുന്ന ശ്രീ. പി. കെ. വേണു ഗോപാലന് കാലിക്കററ് സർവ്വകലാശാല ഡോക്ടർ ബിരുദം നൽകി. (മരണാനന്തരം). ഫാക്കൽട്ടി ഇംപ്രൂവ്മെൻറ് പദ്ധതി പ്രകാരമാണദ്ദേഹം ഡോ. കെ ഉണ്ണികൃഷ്ണൻെറ മാർഗ്ഗനിർദേശത്തിൽ ഗവേഷണം നടത്തിയത്.

## എ. കെ. ജി സി. ടി.

ഗവൺമെൻറ് കോളേജധ്യാപകരുടെ ഏററവും വലിയ സംഘടനയായ എ. കെ. ജി. സി. ടി യുടെ 29-ാം സംസ്ഥാന സമ്മേളനം ജനുവരി 23-25 തീയതികളിൽ വടകരയിൽ നടന്നു. വിവിധ സമ്മേളനങ്ങളും അധ്യാപകശക്തി വിളിച്ചറിയിക്കുന്ന പ്രകടനവും ഉണ്ടായിരുന്നു. പ്രൊഫ. ജോർജ് എം. വർഗീസിനെ സംഘടനയുടെ പ്രസിഡൻറായും പ്രൊഫ. കെ. വി. ജോർജിനെ ജനറൽ സെക്രട്ടറിയായും സമ്മേളനം തെരഞ്ഞെടുത്തു.

## കെ. ജി ടി. എ.

കെ. ജി. ടി. എ യുടെ 7-ാം സംസ്ഥാന സമ്മേളനം ജനുവരി 8-ാം തീയതികളിൽ മഞ്ചേരിയിൽ നടന്നു. പുതിയ ഭാരവാഹികൾ: പ്രസിഡൻറ്: ശ്രീ. പി. ഉണ്ണികൃഷ്ണൻ, ജനറൽ സെക്രട്ടറി: ശ്രീ. കെ. വി. ദേവദാസ്,

## കെ പി. ടി യു.

ജനുവരി 15-17 തീയതികളിൽ കെ. പി. ടി. യുവിൻെറ സംസ്ഥാന സമ്മേളനം കൊല്ലത്തു നടന്നു. സംഘടനയുടെ പ്രസിഡൻറായി ശ്രീ. എം. സി. സുകുമാരനേയും ജനറൽസെക്രട്ടറിയായി ശ്രീ. കെ. ചന്ദ്രനേയും സമ്മേളനം തെരഞ്ഞെടുത്തു.

---

സാങ്കേതിക കാരണങ്ങളാൽ ജേർണലിൻെറ ഫെബ്രുവരി ലക്കം പ്രസിദ്ധീകരിക്കുവാൻ സാധിക്കാതെ പോയതിൽ ഖേദിക്കുന്നു.

പത്രാധിപർ

---

## കെ. എസ്. ആർ. ടി ഇ. എ.

ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ഏക അംഗീകൃത സംഘടനയായ കെ. എസ്. ആർ. ടി. ഇ. എ. യുടെ സംസ്ഥാനസമ്മേളനം ജനുവരി 12, 13, 14 തീയതികളിൽ കോഴിക്കോട്ടു നടന്നു പുതിയ ഭാരവാഹികൾ: പ്രസിഡൻറ്: ശ്രീ. വി വിശ്വനാഥമേനോൻ. ജനറൽ സെക്രട്ടറി ശ്രീ. കെ. കെ. ദിവാകരൻ.

## സംഭാവനക്കൂപ്പൺ

സമ്മേളന നടത്തിപ്പിനും സംഘടനയുടെ ദൈനം ദിന ചിലവിനുമായി വിതരണം ചെയ്യുന്ന 10 ക.യുടെയും 25 കയുടെയും സംഭാവനക്കൂപ്പണുകൾ കഴിയുന്നത്ര വിററഴിക്കുക. (സ്റേററ് കൗൺസിൽ അംഗങ്ങളും ആതിഥേയ ജില്ലയായ കോട്ടയത്തെ മുഴുവൻ അംഗങ്ങളും 25ക യുടെ കൂപ്പൺതന്നെ വാങ്ങണം) കൂപ്പൺ വിററതിൻെറ കണക്കും പണവും വിൽക്കാത്ത കൂപ്പണുകളും ട്രഷറർക്ക് അയച്ചു കൊടുക്കണം. കൂപ്പൺ വിററു വരവിൻെറ 20 ശതമാനം ബ്രാഞ്ചു ഫണ്ടിലേയ്ക്കുള്ളതാണ്.

# രാധാകൃഷ്ണന് ഡോക്ടർ ബിരുദം



കൊച്ചിൻ കോളേജിലെ ഫിസിക്സ് അധ്യാപകനായ ശ്രീ. പി. രാധാകൃഷ്ണന് കൊച്ചിൻ യൂണിവേഴ്സിറ്റി ഡോക്ടർ ബിരുദം നൽകി. 'ലേസർ ഫിസിക്സി' ലായിരുന്നു ശ്രീ രാധാകൃഷ്ണന്റെ ഗവേഷണം. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് പ്രൊഫസർ ഡോ. കെ. സത്യാനന്ദന്റെ മേൽനോട്ടത്തിലാണ് ഗവേഷണം നടത്തിയത്.

എ. കെ. പി. സി. ടി. എ. കൊച്ചിൻ കോളേജ് ബ്രാഞ്ചിലെ സജീവ പ്രവർത്തകനാണ് ശ്രീ. രാധാകൃഷ്ണൻ.



# പ്രൊഫ. എം. പി. മാത്യു നിര്യാതനായി

മാന്നാനം കെ. ഇ. കോളേജ് എ. കെ. പി. സി. ടി. എ. ബ്രാഞ്ചിലെ സജീവ പ്രർത്തകനായിരുന്ന പ്രൊഫ. എം. പി. മാത്യു (44) ജനുവരി 4 ന് ഹൃദയസ്തംഭനം മൂലം നിര്യാതനായി. ഫിസിക്സ് ഡിപ്പാർട്ടുമെൻറിലെ അധ്യാപകനായിരുന്നു. പ്രൊഫസർ മാത്യു.

എ. കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകനായിരുന്ന പ്രൊഫ. മാത്യുവിന് സംഘടനയുടെ ആദരാജ്ഞലികൾ

സംസ്ഥാന സമ്മേളനത്തിന് ബോർഡ്, ബാനർ, ചുവരെഴുത്ത്, പോസ്റ്റർ എന്നിവ മുഖേന കഴിയുന്നത്ര പ്രചരണം നൽകുക.

സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് ഈ വർഷം ജോലിയിൽ നിന്നു വിരമിക്കുന്ന അധ്യാപകർക്ക് യാത്രഅയപ്പു നൽകുന്നതാണ് ഓരോ ബ്രാഞ്ചിൽ നിന്നും റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഈ പരിപാടിയിൽ പങ്കെടുപ്പിക്കുവാൻ ബ്രാഞ്ചുകൾ പ്രത്യേകം ശ്രദ്ധിക്കണം. അത്തരം അധ്യാപകരുടെ പേരുവിവരം സമ്മേളന ജനറൽ കൺവീനറെ (ഡോ. എം. സി. ചാക്കോ, സി. എം. എസ്. കോളേജ്, കോട്ടയം) അറിയിയ്ക്കുക O

## പ്രൊഫ. ഷാജി മോട്ടോർ സൈക്കിൾ അപകടത്തിൽ മരിച്ചു



സുൽത്താൻ ബത്തേരി സെൻറ് മേരീസ് കോളേജ് എ. കെ. പി.സി.ടി.എ. ബ്രാഞ്ച് പ്രസിഡൻറ് പ്രൊഫ. ജി. ഷാജി (41) ജനുവരി 30 ന് ഒരു മോട്ടോർ അപകടത്തിൽ മരിച്ചു.

1968 ൽ ജോലിയിൽ പ്രവേശിച്ചതുമുതൽ സംഘടനയുടെ പ്രവർത്തകനായിരുന്നു പ്രൊഫ. ഷാജി. രണ്ടുതവണ സ്റേററ് കൗൺസിൽ അംഗമായിരുന്നു. ഒരിക്കൽ കോഴിക്കോട്, വയനാട് ജില്ലാ പ്രസിഡൻറായും പ്രവർത്തിച്ചു. എല്ലാ അവകാശ സമരങ്ങളിലും മുൻപന്തിയിൽ അദ്ദേഹം നിലകൊണ്ടിരിരുന്നു.

പ്രൊഫ. ഷാജിയുടെ ഭാര്യ സുകുമാരി അമ്മ ബത്തേരി കോളേജിൽത്തന്നെ പ്രൊഫസറാണ്. നാലുമക്കളും ഉണ്ട്. കുടുംബത്തിനുണ്ടായ തീരാദുഃഖത്തിൽ എ.കെ. പി.സി ടി എ യും പങ്കുചേരുന്നു.

## ഭീഷണി നിലനില്ക്കുന്നു

പ്രി-ഡിഗ്രി ബോർഡ് ഇപ്പോഴും ഡെമോക്ലീസിൻെറ വാളുപോലെ നമ്മുടെ തലയ്ക്കുമുകളിൽ തൂങ്ങുന്നു എന്ന കാര്യം വിസ്മരിച്ചുകൂടാ. ബോർഡ് ധൃതിപിടിച്ച് നടപ്പാക്കുന്നതിൽ നിന്നും സർക്കാർ താൽക്കാലത്തേയ്ക്കെങ്കിലും പിൻമാറാൻ നിർബന്ധിതമായിട്ടുള്ളത് നാം നടത്തിയ ത്യാഗപൂർണവും ധീരോദാത്തവുമായ സമരം മൂലമാണ്. എങ്കിലും പ്രി-ഡിഗ്രിബോർഡ് എന്ന ഭീഷണിയിൽ നിന്നും ശാശ്വതമായ മോചനം ഉറപ്പുവരുത്തുന്നതിന് നാം ജാഗ്രത പാലിക്കേണ്ടതുണ്ട്. പരിഷ്കാരങ്ങളുടെ പേരിൽ ഈ നാടിൻെറ ഭാവി രൂപപ്പെടുത്തേണ്ട വിദ്യാഭ്യാസരംഗത്ത്, തോന്ന്യാസങ്ങൾ കാട്ടുന്നതിനെതിരെ ശക്തിയായി പ്രതികരിക്കുവാൻ നമുക്കു കഴിയണം.

—പത്രാധിപർ—

# സംസ്ഥാന ജീവനക്കാരുടെ ശമ്പളം അടിയന്തരമായി പരിഷ്കരിക്കുക

□ 1.4 87 നു മുമ്പ് ശമ്പളപരിഷ്കരണ നടപടികൾ ആരംഭിക്കുക.

□ സി. ജെ. ജോസഫിനെ പിരിച്ചുവിട്ടതുൾപ്പെടെയുള്ള പ്രതികാര നടപടികളും കരിനിയമങ്ങളും പിൻവലിക്കുക.

□ അദ്ധ്യാപകരടക്കമുള്ള മുഴുവൻ ജീവനക്കാർക്കും മൂന്നാമത് ഒരു ഗ്രേഡ് അനുവദിക്കുക.

എന്നീ ഡിമാൻറുകൾ മുന്നോട്ടു വെച്ചുകൊണ്ട് പ്രക്ഷോഭത്തിലേക്ക് നീങ്ങുന്ന അദ്ധ്യാപക-സർവീസ് സംഘടനാ ഐക്യസമിതിയുടെ പ്രസ്താവന, പൂർണ്ണരൂപം :-

മൂന്നുവർഷം നീണ്ടുനിന്ന ഒരു പ്രക്ഷോഭത്തിന്റെ പരിണിത ഫലമായിരുന്നു 1983 ലെ ശമ്പളപരിഷ്കരണം. 16-9-85 നാണ് ഇത് സംബന്ധിച്ച ഉത്തരവ് സർക്കാർ പുറത്തിറക്കിയത്. ഏതാണ്ട് എല്ലാ വിഭാഗം ജീവനക്കാരെയും നിരാശപ്പെടുത്തികൊണ്ടായിരുന്നു പ്രസ്തുത റിപ്പോർട്ട്. ആവശ്യാധിഷ്ഠിത മിനിമം വേതനം തത്വത്തിൽ പോലും കമ്മിഷൻ അംഗീകരിച്ചില്ല. കേന്ദ്ര-സംസ്ഥാന പൊതു മേഖലാസ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന വേതന വ്യവസ്ഥക്ക് തുല്യമായ ശമ്പളഘടന സംസ്ഥാന ജീവനക്കാർക്കും നൽകണമെന്ന ആവശ്യവും കമ്മീഷൻ നിരാകരിച്ചു. കേന്ദ്രജീവനക്കാരുടെ ശമ്പളഘടനയുമായി ചില തസ്തികകളിലെങ്കിലും നിലനിന്നിരുന്ന തുല്യതപോലും കേന്ദ്രത്തിലെ 4-ാം ശമ്പളക്കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതോടെ നഷ്ടപ്പെടുകയും ചെയ്തു. മാത്രമല്ല സിററികോമ്പൻസേററി അലവൻസ്, വിദ്യാഭ്യാസ അലവൻസ് മെഡിക്കൽ അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങളെല്ലാം കമ്മിഷൻ നിരാകരിച്ചു.

ഈ വസ്തുതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിലെ അദ്ധ്യാപകരും ജീവനക്കാരും കഴിഞ്ഞ ഒരു വർഷത്തിലേറെയായി ഒരു പ്രക്ഷോഭ രംഗത്താണ്. 1985 ആഗസ്ററിൽ നടന്ന പണിമുടക്കത്തെ തുടർന്ന് പിരിച്ചുവിടപ്പെട്ട സെക്രട്ടറിയേററിലെ അഡീഷണൽ സെക്രട്ടറി സി. ജെ. ജോസഫിനെ തിരിച്ചെടുക്കുക, കരിനിയമങ്ങളും പ്രതികാര നടപടികളും പിൻവലിക്കുക, ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രക്ഷോഭം ശക്തിപ്പെടുത്താൻ തീരുമാനിച്ച് മുന്നോട്ടുപോകുന്നതിനിടയ്ക്കാണ് കേന്ദ്ര ജീവനക്കാരുടെ 4-ാം ശമ്പള കമ്മിഷൻ റിപ്പോർട്ട് പുറത്തു വന്നത്.

4-ാം ശമ്പളകമ്മിഷൻ റിപ്പോർട്ട് ജീവനക്കാരെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണ്. ആവശ്യാധിഷ്ഠിത മിനിമം വേതനം എന്ന അടിസ്ഥാന തത്വം നിരാകരിക്കപ്പെട്ടു എന്നു മാത്രമല്ല, പൊതുമേഖലാസ്ഥാപനങ്ങളിൽ നിലവിലുള്ള വേതന ഘടനപോലും കേന്ദ്ര ജീവനക്കാർക്ക് ശുപാർശ ചെയ്തിട്ടില്ല. പക്ഷേ നിരാശാജനകവും അടിസ്ഥാനാവശ്യങ്ങൾ നിരാകരിച്ചതുമായ കേന്ദ്രശമ്പളകമ്മീഷൻ റിപ്പോർട്ടിലെ വസ്തുതകൾ വിലയിരുത്തുമ്പോൾ സംസ്ഥാന ജീവനക്കാരുടെ നില എത്രമാത്രം ശോചനീയമാണെന്നു വ്യക്തമാകും. 1983-ലെ ശമ്പളപരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്ന സംസ്ഥാന ജീവനക്കാരുടെ ഡിമാൻറിനെ ബലപ്പെടുത്തുന്നതാണ് കേന്ദ്ര ശമ്പളകമ്മീഷൻ റിപ്പോർട്ടിലെ വേതനഘടന.

ഒരു നാലാംക്ലാസ് ജീവനക്കാരന്റെ മൊത്തം ശമ്പളത്തിൽപോലും ഇതു നിഴലിച്ചുകാണാം. ഇപ്പോൾ കേന്ദ്രത്തിലെ ഒരു നാലാം ക്ലാസ് ജീവനക്കാരനും കേരളത്തിലെ ജീവനക്കാരനും തമ്മിലുള്ള വ്യത്യാസം 196 രൂപ വരും. മററ് ആനുകൂല്യങ്ങളുടെ കഥ വേറെയുമുണ്ട്.

അദ്ധ്യാപകരുടെ ശമ്പളഘടനയിലെ വ്യത്യാസം വളരെ വലുതാണ്. കേന്ദ്രത്തിലെ അദ്ധ്യാപകനും കേരളത്തിലെ പ്രൈമറി അദ്ധ്യാപകനും തമ്മിൽ ശമ്പളത്തിൽ വരുന്ന വ്യത്യാസം 593 രൂപയെങ്കിൽ ഹൈസ്കൂൾ അദ്ധ്യാപകരുടെ ശമ്പളത്തിൽ വ്യത്യാസം 629 രൂപയാണ്.

കേന്ദ്ര ശമ്പളകമ്മീഷൻ റിപ്പോർട്ടിനെ തുടർന്ന് ശമ്പളത്തിൽ തുല്യത ആവശ്യപ്പെട്ടുകൊണ്ടും, ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടുകൊണ്ടും ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലെയും ജീവനക്കാർ പ്രക്ഷോഭത്തിനിറങ്ങിയ സാഹചര്യവും നമ്മുടെ മുമ്പിലുണ്ട്. 4 സംസ്ഥാന സർക്കാരുകൾ ഈ ആവശ്യം അംഗീകരിച്ച് ഉത്തരവായി. മഹാരാഷ്ട്ര, ഗുജറാത്ത്, ഹരിയാന, ജമ്മു-കാഷ്മീർ. കർണ്ണാടക സർക്കാർ ഈ ആവശ്യം അംഗീകരിക്കുമെന്ന് ഉറപ്പായിട്ടുണ്ട്. ഇതേ ഡിമാൻറ് അംഗീകരിച്ചു കിട്ടാൻ യു. പി, ഒറീസ, ആന്ധ്രാപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ ജീവനക്കാർ നീണ്ട പണിമുടക്കം നടത്തി. സർക്കാർ ഈ ആവശ്യം അംഗീകരിച്ചു ശമ്പള പരിഷ്കരണത്തിനുവേണ്ടി കമ്മീഷനുകളെയും കമ്മററികളെയും നിയമിച്ചു കഴിഞ്ഞു. ത്രിപുര, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാന സർക്കാരുകൾ ഒരു പ്രക്ഷോഭം വരുന്നതിനുമുമ്പുതന്നെ ശമ്പളകമ്മിഷൻ നിയമിച്ചു. ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടുകൊണ്ട് ബീഹാറിലെ സംസ്ഥാന ജീവനക്കാർ ഇന്ന് ഒരു പണിമുടക്കിലാണ്.

9-ാം ധനകാര്യ കമ്മിഷന്റെ നിയമനവും പ്രസക്തമാണ്. 1-4-87നു മുമ്പ് ശമ്പളപരിഷ്കരണം നടത്തിയാൽ മാത്രമേ ശമ്പള പരിഷ്കരണത്തിലൂടെ വരുന്ന അധിക ചെലവിന്റെ വിഹിതം കേന്ദ്ര സർക്കാരിൽനിന്നു ധനസഹായമായി ലഭിക്കുകയുള്ളു. 1987 ജനുവരി മാസത്തിൽ കർണ്ണാടക സംസ്ഥാനത്തിൽ ധൃതിപിടിച്ച ശമ്പള പരിഷ്കരണ നടപടി സ്വീകരിച്ചത് ഈ കാരണം കൊണ്ടാണെന്ന് അവിടത്തെ മുഖ്യമന്ത്രി തുറന്നു പറഞ്ഞിട്ടുമുണ്ട്. ഇതു കേരളത്തിനും ബാധകമാണ്.

കഴിഞ്ഞ ശമ്പളപരിഷ്കരണം 1-4-82 നു മുമ്പ് നടപ്പിലാക്കണമെന്നു അന്നു സംഘടനകൾ ആവശ്യപ്പെട്ടത് മുഖ്യമന്ത്രി തള്ളിക്കളഞ്ഞുവെങ്കിലും ശമ്പളപരിഷ്കരണത്തിന് കേന്ദ്ര സഹായം ലഭിക്കാതിരുന്നത് 1-4.82 നു മുമ്പ് ശമ്പള പരിഷ്കരണം നടപ്പിലാക്കാത്തതുകൊണ്ടാണെന്ന കുററസമ്മതം കേരള അസംബ്ലിയിൽപ്പോലും മുഴങ്ങികേട്ടതാണ്. ഇനിയും ഇതാവർത്തിക്കാതിരിക്കണമെങ്കിൽ ശമ്പളപരിഷ്കരണം 1-4-87നു മുമ്പ് അനിവാര്യമാണ്.

ഈ സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ടും കേന്ദ്രശമ്പളകമ്മീഷൻ റിപ്പോർട്ട് അനുസരിച്ചുള്ള പരിഷ്കരണത്തിന്റെ പ്രത്യാഘാതം അനുഭവവേദ്യമായതുകൊണ്ടും 1983 ലെ ശമ്പള പരിഷ്കാരത്തിലെ അപാകതകൾ പരിഹരിച്ചുകൊണ്ട് പുതിയൊരു ശമ്പള പരിഷ്കരണം എന്ന ഡിമാൻറ് ഉയർത്താൻ ഐക്യസമരസമിതി തീരുമാനിച്ചിരിക്കുന്നു.

കഴിഞ്ഞ ശമ്പള പരിഷ്കരണത്തിൽ ഗണ്യമായി അവഗണിക്കപ്പെട്ട അദ്ധ്യാപകർക്കും മററു ജീവനക്കാർക്കും മൂന്നാമത്തെ ഗ്രേഡ് എന്നതും പ്രാധാന്യം അർഹിക്കുന്നു.

അതേപോലെ സി. ജെ. ജോസഫിനെ പിരിച്ചുവിട്ടതുൾപ്പെടെയുള്ള പ്രതികാര നടപടികളും കരിനിയമങ്ങളും പിൻവലിക്കുക എന്നതും പ്രസക്തമായ ഒരു ആവശ്യമാണ്.

ഈ വസ്തുതകൾ പരിഗണിച്ച് താഴെ പറയുന്ന ഡിമാൻറുകൾ ഉയർത്തിക്കൊണ്ട് ഒരു പ്രക്ഷോഭം ആരംഭിക്കാൻ അദ്ധ്യാപക സർവീസ് സംഘടന ഐക്യസമരസമിതി തീരുമാനിച്ചിരിക്കുന്നു.

1 സംസ്ഥാന ജീവനക്കാരുടെ ശമ്പളം അടിയന്തിരമായി പരിഷ്കരിക്കുക.

2 സി. ജെ. ജോസഫിനെ പിരിച്ചു വിട്ടതുൾപ്പെടെയുള്ള പ്രതികാര നടപടികളും കരിനിയമങ്ങളും പിൻവലിക്കുക.

3 അദ്ധ്യാപകരടക്കമുള്ള മുഴുവൻ ജീവനക്കാർക്കും മൂന്നാമത്തെ ഗ്രേഡ് അനുവദിക്കുക.

ഇതോടൊപ്പം ക്ഷാമബത്തയിൽ വന്ന കുറവ് പരിഹരിക്കപ്പെടേണ്ടതുണ്ട്. ഈ കാര്യവും സമരസമിതി ഉന്നയിക്കും.

ഈ ഗവർമെൻറ് അധികാരത്തിൽ വന്നശേഷം സംസ്ഥാന ജീവനക്കാരോടുള്ള സമീപനവും

പരിശോധിക്കേണ്ടതുണ്ട്. പുതിയ ആവശ്യങ്ങൾ അനുവദിക്കുന്നില്ലെന്നുമാത്രമല്ല, നിലവിലുള്ള അവകാശങ്ങൾ ഒന്നൊന്നായി നിഷേധിക്കുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഡി. എ. മരവിപ്പിച്ചുകൊണ്ടു ജീവനക്കാരന് ലഭിക്കേണ്ട നിത്യവരുമാനത്തിൽ നിന്ന് ഒരോ വർഷവും കോടിക്കണക്കിനു രൂപ പ്രൊവിഡൻറു ഫണ്ടിലേക്ക് മാററുന്നു. ശമ്പളപരിഷ്കരണത്തെ തുടർന്ന് നാമമാത്രമെങ്കിലും ലഭിക്കേണ്ടിയിരുന്ന 20 മാസത്തെ കുടിശിഖ 100 കോടിയോളം തുക ഈ സർക്കാർ തട്ടിയെടുത്തു. സറണ്ടർ ലീവ് ആനുകൂല്യം നിഷേധിക്കാൻ ശ്രമിച്ചു. ഡൈസ്നോൺ പ്രൊബേഷനുപോലും ബാധകമാക്കി, പണിമുടക്കങ്ങളെ നേരിടാൻ അവശ്യസർവീസ് ഓർഡിനൻസുകൾ ഇറക്കി. ജീവനക്കാരെ കള്ളക്കേസുകളിൽ കുടുക്കി, ചിലരെ പിരിച്ചുവിട്ടു, സമാധാനപരമായി പ്രകടനം നടത്തിയ ജീവനക്കാരെ റോഡിലിട്ട് പോലീസിനെക്കൊണ്ട് ലാത്തിചാർജിന് വിധേയരാക്കി, സ്ഥലം മാററത്തിൻെറ മാനദണ്ഡങ്ങളെല്ലാം കാററിൽ പറത്തി. സ്വന്തക്കാർക്കും പാർശ്വവർത്തികൾക്കും അഴിമതി നടത്താൻ മാത്രമായി സ്പെഷ്യൽ ഓർഡർ സമ്പ്രദായം കൊണ്ടുവന്നു. ജീവനക്കാരുമായി ചർച്ചപോലും ചെയ്യാതെ അവരുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുന്ന പ്രീഡിഗ്രി ബോർഡ് തുടങ്ങിയ തീരുമാനങ്ങളെടുത്തു. ചർച്ചചെയ്തു പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപകരം ഏകപക്ഷീയമായി തീരുമാനിക്കുക എന്ന ജനാധിപത്യ വിരുദ്ധനിലപാടാണ് ഈ സർക്കാർ എല്ലാ കാര്യങ്ങളിലും സ്വീകരിച്ചത്. ജീവനക്കാരുടെ ട്രേഡ് യൂണിയൻ ജനാധിപത്യാവകാശങ്ങൾപോലും കവർന്നെടുത്ത് ഏകാധിപതികളെപോലെ പെരുമാറുന്ന ഒരു ഭരണസംവിധാനമാണ് ഇന്ന് സംസ്ഥാനത്തുള്ളത്.

സാധാരണ രീതിയിലുള്ള ഒരു പ്രക്ഷോഭംകൊണ്ട് അവകാശങ്ങൾ നിലനിർത്താനും, ഡിമാൻറുകൾ നേടിയെടുക്കാനും സാധ്യമല്ലാതെ വന്നിരിക്കുന്നു. അതുകൊണ്ടുതന്നെ സമരസമിതി മുന്നോട്ടുവച്ച ഡിമാൻറുകൾ നേടിയെടുക്കാൻ അതിശക്തമായ ഒരു പ്രക്ഷോഭ പരിപാടിക്ക് ഐക്യസമരസമിതി താമസിയാതെ രൂപം നൽകും. കാലിക പ്രാധാന്യമുള്ള ഡിമാൻറുകളുമായി പ്രക്ഷോഭരംഗത്തേക്ക് നീങ്ങുന്ന സമരസമിതിയുടെ പരിപാടികൾ വിജയിപ്പിക്കാൻ മുന്നിട്ടിറങ്ങണമെന്ന് മുഴുവൻ ജീവനക്കാരോടും അഭ്യർത്ഥിക്കുന്നു. □

## പ്രൊഫ. എഴുത്തച്ഛന് യാത്ര അയപ്പ്

ഒററപ്പാലം എൻ. എസ്. എസ്. കോളേജ് മലയാളവിഭാഗത്തിലെ അധ്യാപകൻ പ്രൊഫ. വി. കെ. എഴുത്തച്ഛൻ ഫെബ്രുവരി 2ന് സർവീസിൽ നിന്നും വിരമിച്ചു. എ കെ. പി. സി. ടി. എ. യുടെ സജീവപ്രവർത്തകനായ പ്രൊഫ എഴുത്തച്ഛന് സംഘടനയുടെ പാലക്കാട് ജില്ലാ കൗൺസിൽ സ്നേഹ നിർഭരമായ യാത്രഅയപ്പുനല്കി. ഒററപ്പാലം കോളേജിൽ നടന്ന ചടങ്ങിൽ ജില്ലയിലെ എല്ലാ കോളേജുകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഒററപ്പാലം ബ്രാഞ്ച് പ്രസിഡൻറ് പ്രൊഫ. കെ. പി. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ പ്രൊഫ. ശ്രീരാമമേനോൻ, ജനറൽ സെക്രട്ടറി പ്രൊഫ. വി. നാരായണൻ കുട്ടി, സിൻഡിക്കേററംഗം പ്രൊഫ. ജി. മാധവൻ നായർ, ജില്ലാസെക്രട്ടറി ഡോ. പി. എസ്. പണിക്കർ, പ്രൊഫ. രാജൻ തമ്പാൻ, പ്രൊഫ. ശിവരാജൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു പ്രൊഫ. എഴുത്തച്ഛൻ, സംഘടനയുടെ ശക്തി കൊണ്ടുണ്ടായ നേട്ടങ്ങൾ അനുസ്മരിച്ച് മറുപടി പറഞ്ഞു. പ്രൊഫ. വി. എൻ. മുരളി സ്വാഗതവും പ്രൊഫ. എ. സേതുമാധവൻ നന്ദിയും രേഖപ്പെടുത്തി.

സംഘടനയുടെ ഉപഹാരം ജനറൽ സെക്രട്ടറി പ്രൊഫ. എഴുത്തച്ഛന് നല്കി.

## സംസ്ഥാന സമ്മേളനം വിജയിപ്പിക്കുക

മാർച്ച് 28, 29 തീയതികളിൽ കോട്ടയത്തു നടക്കുന്ന എ കെ പി സി ടി എ സംസ്ഥാന സമ്മേളനം വിജയിപ്പിക്കാൻ എല്ലാ അംഗങ്ങളും മുന്നിട്ടിറങ്ങുക. ത്രൈവാർഷിക കൺവൻഷനുകൾ മാത്രമാണ് നാളിതുവരെ നമ്മൾ നടത്തിവന്നിരുന്നത്. ഇപ്പോൾ സംഘടനാപ്രവർത്തനം കൂടുതൽ സജീവമാക്കുന്നതിനുള്ള അവസരമാണ് സംസ്ഥാന സമ്മേളനത്തിലൂടെ നമുക്കു ലഭിച്ചിരിക്കുന്നത്.

# പരീക്ഷാ ക്രമക്കേടുകൾ

**കേരള യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ പ്രീഡിഗ്രി പരീക്ഷയോടനുബന്ധിച്ചുനടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ച സിൻഡിക്കേറ്റ് കമ്മിയുടെ റിപ്പോർട്ടിലെ പ്രസക്ത ഭാഗങ്ങൾ താഴെ കൊടുക്കുന്നു.**

## വാലുവേഷനിൽ ക്രമക്കേട്

Our enquiry has revealed that there was, however, a glaring departure from the provision in the Centralised Valuation Scheme in the matter of distribution of papers to the evaluators- According to the Scheme,

,The number of papers to be valued by the Additional Examiners will be 30 papers of 3 hours/2½ hours duration and 40 papers of 1½ hrs. duration (15 in the forenoon session and 15 in the afternoon session or 20 papers in the forenoon and 20 in the forenoon and 20 in the afternoon as the case may be). The maximum limit of scripts specified for each session is not to be exceeded, as it is necessary to ensure uniform and proper valuation'.

Contrary to the spirit of this provision, Examiners were allowed in certain cases to take answerscripts home and value them, in addition to what they did in the Camps, end they were paid D A. at the rate of Rs. 36/- for thirty papers. This was obviously meant to speed up valuation work but is undoubtedly against the spirit of the Centralised Valuation Scheme and is a departure from the provisions in the scheme; it must have adversely affected the quality of evaluation towards the closure of the camps.

## ബദൽ സംവിധാനം പരാജയം

Right from the commencement of the tabulation work through the alternative arrangement, there was utter confusion and mismanagement. The very recruitment of personnel for tabulation was done in a casual manner; there was no system by which to check whether all the recruited persons had done tabulation atleast at the S. S. L. C. level. Sri. D. Rajan, Joint Commissioner of Examination gave a list of 80 tabulators in the beginning. They were first appointed. More persons were appointed later. On the whole 153 persons (excluding the Supervising staff recruited) were employed for tabulation. This appointment itself was faulty in two ways; (1) since only 82,971 candidates had appeared for the Examination, the tabulation work could have been entrusted to a more compact team of less than 90 experienced persons. 2) As the tabulation of Pre-degree Exams is a very complicated work (with 6 different false numbers for each I Group candidate and 8 different false numbers for each II Group candidate and with carry-over of improvement marks etc.), it should have been entrusted only to persons with sufficient experience in tabulation work- this, though a crucial aspect, was not given adequate attention. That some of the tabulators were not competent for the work is evident when we examine the lis_ of tabulators and their professional qualifit cations. Fifty of them being Primary School teachers, two of them Drill masters, etc.

## ടാബുലേഷനിൽ കൃത്രിമം

All the above instances were brought to our attention on a random checking of the tabulation sheets which were originally handled by the emergency tabulators but which now remain with the regular Sections during our visits to the Sections on 4-12-'86 and 26-12-'86 These are a clue to the sad fact that many serious errors, both wilful and accidental, had been committed by the personnel to whom the tabulation work was entrusted, not only because they had not grasped the complexities of the process completely but because as a team they were ill-equipped and incompetent to do the work.

## ബോർഡുകൾ കൂടിയില്ല

We went into the allegations relating of to the award of moderation marks—both the mode of decision making and the actual carrying out. We have noticed that there was a serious departure from the established conventions and University laws in this respect.

First of all, it is the Committee of Boards of Examiners, constituted according to the provisionsin the Ordinance, who should report to the Controller of Examinations. This provision was not adhered to except in the case of one or two subjects because the Board meetings were not held.

To circumvent the provision in the Ordinance, a Moderation Committee was constituted with the Heads of University Departments, and their signatures were obtained for the decision regarding the award of moderation marks. This Committee, however, has no locus standi, either moral or legal, since the members of this Committee were not members of the Boards of Examiners and they had nothing whatsover to do with Predegree Examinations.

## നിഗമനങ്ങൾ

1 Although there is no evidence to show that after the resumption of Camps examiners were chosen from outside the panel of examiners approved by the Syndicate, the action of allowing examinars to take papers home for valuation, over and above the papers valued at the Camps, was contrary to the norms prescribed under the Centralised Valuation Scheme, April/May 1986,

2 The tabulation work that commenced on 16 th June 1986 was most faulty for the following reasons:

a) It was entrusted to a team of ill-equipped and incompetent persons.

b) The tabulators were enrolled at different stages.

c) There was diffculty in tracing the required documents.

d) There was lack of clarity in addition to confusion at the top.

e) The tabulators could not fully grasp the complexities involved in the work.

f) The decision to bring out the result by the end of June had to be carried out regardless of the real situation

g) The tabulation sheets were very shabbily handled.

h) Many errors, wilful and casual, crept in to the result because of the failure in tabulation.

3 The award of moderation marks without convening the Pass Board Meetings in the subjects concerned was a violation of the provisions in the Odinance.

4 The award of Syndicate moderation was in order.

5 Confusion arose owing to the award of 12 marks of moderation to a combination of Optionals included in the Arts Group.

6 Mistaken instruction was given by the C. E. to the tabulators.

7 The publication of results in the end was in a most haphazard manner, resulting in a number of students who were originally declared failed securing a pass on rechecking and many others who had originally passed failing on rechecking.

8 The use of Computer for the publication of results was ill-advised and wasteful.

# തിരുവനന്തപുരം ജില്ലാ വാർത്തകൾ

## സെക്രട്ടേറിയററ് മാർച്ച്

സംസ്ഥാനത്തെ അദ്ധ്യാപകരും ഇതര ജീവനക്കാരും നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള സമരത്തിന്റെ ഭാഗമായി അദ്ധ്യാപക സർവീസ് സംഘടനാ ഐക്യസമരസമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലുടനീളം സംഘടിപ്പിക്കപ്പെട്ട കാൽനട പ്രചരണജാഥകളുടെ സമാപനം കുറിച്ചുകൊണ്ട് ഫെബ്രുവരി 10 ന് തലസ്ഥാന നഗരിയിൽ നടന്ന സെക്രട്ടേറിയററ് മാർച്ചിൽ ആയിരക്കണക്കിന് പ്രവർത്തകർ പങ്കെടുത്തു. ആലപ്പുഴ, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നുള്ള പ്രവർത്തകരാണ് പ്രകടനത്തിൽ പങ്കെടുത്തത്. പ്രകടനം മ്യൂസിയം ജംക്ഷനിൽ നിന്നാരംഭിച്ചു.

സ. സി. ജെ. ജോസഫിനെ തിരിച്ചെടുക്കുക, പ്രതികാര നടപടികളും കരിനിയമങ്ങളും റദ്ദുചെയ്യുക, മൂന്നാമത്തെ ഗ്രേഡ് സാർവത്രികമാക്കുക, ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുക, ക്ഷാമബത്ത രൊക്കം പണമായി നല്കുക എന്നിവ പ്രധാന മുദ്രാവാക്യങ്ങളായിരുന്നു. പ്രകടനം പുത്തരിക്കണ്ടം മൈതാനിയിൽ സമാപിച്ചു. തുടർന്നു നടന്ന പൊതു സമ്മേളനത്തിൽ സ. ഗൗരിയമ്മയ്ക്കു പുറമേ വിവിധ രാഷ്ട്രീയനേതാക്കൻമാരും ഐക്യസമരസമിതി നേതാക്കളും സംസാരിച്ചു.

പ്രകടനത്തിലും പൊതുസമ്മേളനത്തിലും വിവിധ ജില്ലകളിൽ നിന്നെത്തിയ A.K.P.C.T.A പ്രവർത്തകർ സജീവമായി പങ്കെടുത്തു. അധ്യാപകരും ഇതര ജീവനക്കാരും മുമ്പോട്ടു വച്ചിട്ടുള്ള ആവശ്യങ്ങൾക്കുനേരെ നിഷേധാത്മക നയം സ്വീകരിച്ചിട്ടുള്ള കേരള സർക്കാരിന് സമ്മേളനം ശക്തമായ താക്കീതു നല്കി.

## കേരള സർവകലാശാലയെ രക്ഷിക്കുക

പ്രീ-ഡിഗ്രി ബോർഡ് വിരുദ്ധസമരം പൊളിക്കുന്നതിന് വിദ്യാഭ്യാസ മന്ത്രിയും വൈസ്ചാൻസലറും കൈക്കൊണ്ട വിവേകശൂന്യമായ സമീപനത്തിന്റെ ഫലമായി കേരള സർവകലാശാല തകർച്ചയുടെ വക്കിലെത്തിയിരിക്കയാണ്. സമരം തീർന്നിട്ട് മാസങ്ങൾ പലതു കഴിഞ്ഞെങ്കിലും ജീവനക്കാരുടെ സഹകരണത്തോടെ സർവകലാശാലയുടെ പ്രവർത്തനം സാധാരണ നിലയിലാക്കുന്നതിനുള്ള ആത്മാർത്ഥമായ ശ്രമം അധികൃതർ നടത്തിയിട്ടില്ല. സർവകലാശാലാന്തരീക്ഷം കൂടുതൽ കലുഷിതമാക്കുന്ന തരത്തിലുള്ള, വൈരനിര്യാതന ബുദ്ധിയോടെയുള്ള പ്രവർത്തനങ്ങളിലാണ് അധികൃതർ ഏർപ്പെട്ടുകൊണ്ടിരിക്കുന്നത് എന്നത് ഏററെ ഖേദകരമാണ്. സമരത്തെ തകർക്കുന്നതിനുണ്ടാക്കിയ ബദൽ സംവിധാനത്തിന്റെ മറവിൽ നടത്തിയിട്ടുള്ള പരീക്ഷാക്രമക്കേടുകളും, ദുർവ്യയവും, ധൂർത്തും, തുടർന്നുള്ള ജനാധിപത്യ സംവിധാനത്തെ തകർക്കുന്ന നടപടികളും വിദ്യാഭ്യാസത്തിൽ താൽപര്യമുള്ള ആരെയും വേദനിപ്പിക്കുന്നതാണ്.

സർവകലാശാലാ രംഗത്ത് നിലവിലുള്ള പ്രശ്നങ്ങൾ ബഹുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, അത്യന്തം അപകടകരമായ ഇന്നത്തെ അവസ്ഥയിൽ നിന്നും സർവകലാശാലയെ രക്ഷിക്കുന്നതിനും വേണ്ടി പൗരമുഖ്യർ, പൊതുപ്രവർത്തകർ, വിദ്യാഭ്യാസ വിചക്ഷണൻമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ഒരു കൺവൻഷൻ ഫെബ്രുവരി 4 ന് തിരുവനന്തപുരത്ത് ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹോളിൽ നടന്നു.

സർവകലാശാലാ സിൻഡിക്കേററ് നിയോഗിച്ച സമിതി പരിക്ഷാനടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവയെ സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളിലൂടെ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ രേഖ ശ്രീ. എസ്. എസ്. പോററി കൺവൻഷനിൽ അവതരിപ്പിച്ചു. ശ്രീ. പി. ഗോവിന്ദപ്പിള്ള, പ്രൊഫ. ഒ. എൻ. വി. കുറുപ്പ്, പ്രൊഫ. പി. ജി. എഡ്വിൻ, വിവിധ സർവീസ് സംഘടനാ നേതാക്കൾ എന്നിവർ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ചു.

സർവകലാശാലയെ രക്ഷിക്കുന്നതിനുവേണ്ടി സമ്മേളനം ഒരു കർമ്മസമിതി-സർവകലാശാലാ സംരക്ഷണസമിതി-രൂപീകരിച്ചു.

## രാജ്ഭവൻ മാർച്ച്

സർവകലാശാലാ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ സെനററ്/അക്കാദമിക് കൗൺസിൽ അംഗങ്ങൾ അദ്ധ്യാപക സർവീസ് സംഘടനാ ഐക്യസമരസമിതി നേതാക്കൾ എന്നിവരടങ്ങുന്ന പ്രതിനിധിസംഘം ഫെബ്രുവരി 17-ന് കേരളാഗവർണർക്ക് സർവകലാശാലയെ രക്ഷിക്കണമെന്നഭ്യർത്ഥിക്കുന്ന മെമ്മോറാണ്ഡം സമർപ്പിച്ചു. ഇതോടനുബന്ധിച്ചുനടന്ന രാജ്ഭവൻ മാർച്ചിൽ സർവകലാശാലാ ജീവനക്കാർ, A. K. P. T. A, A. K. G. C. T. പ്രവർത്തകർ, സർവീസ് സംഘടനാ പ്രവർത്തകർ തുടങ്ങി നൂറുകണക്കിനാളുകൾ പങ്കെടുത്തു.

വിദ്യാഭ്യാസത്തെക്കുറിച്ച് ഏററം വികലമായ ധാരണകൾ മാത്രം കൈമുതലായുള്ള വിദ്യാഭ്യാസമന്ത്രിയും അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികളായ വി. സി., പി. വി. സി തുടങ്ങിയവരും ചേർന്ന് സർവകലാശാലയെ തകർക്കുന്നതിനെതിരായിട്ടുള്ള പ്രതിഷേധം പ്രകടനത്തിലുടനീളം മുഴങ്ങിക്കേട്ടു.

വ്യവസ്ഥാപിതമായ രീതിയിൽ സിൻഡിക്കേററ് നിയോഗിച്ച സമിതി പരീക്ഷാ നടത്തിപ്പ്, പ്രീ-ഡിഗ്രി പരീക്ഷാഫല പ്രഖ്യാപനം എന്നിവയെക്കുറിച്ച് അന്വേഷിച്ച് പുറത്തുകൊണ്ടുവന്നിട്ടുള്ള വസ്തുതകൾ അംഗീകരിച്ച് കുററക്കാരെ മാതൃകാപരമായി ശിക്ഷിക്കാൻ കൂട്ടാക്കാതെ പുതിയ അന്വേഷണക്കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള സർക്കാരിന്റെ നടപടി ഒട്ടേറെ സംശയങ്ങൾക്കു വകനൽകുന്നു എന്ന് പ്രതിനിധികൾ ഗവർണറെ അറിയിച്ചു. പ്രീ-ഡിഗ്രി ബോർഡ് വിരുദ്ധ സമരകാലത്ത് മന്ത്രിയുടെ ഒത്താശയോടെ വി. സിയും പി. വി. സിയും മററും ചേർന്നു നടത്തിയ അഴിമതികളേയും സാമ്പത്തിക തിരിമറികളേയും സംബന്ധിച്ച ഞെട്ടിപ്പിക്കുന്ന വിവരങ്ങളും ഗവർണറുടെ ശ്രദ്ധയിൽപെടുത്തി. ജീവനക്കാർക്കുള്ള ശമ്പളം, പരീക്ഷാ ജോലികൾക്ക് അദ്ധ്യാപകർക്ക് നൽകേണ്ട പ്രതിഫലം എന്നിവക്ക് വണ്ടിച്ചെക്കുകൾ നൽകുന്ന അധികൃത നടപടിയിലുള്ള പ്രതിഷേധം പ്രതിനിധികൾ പ്രകടിപ്പിക്കുകയും സർവകലാശാലയുടെ ഇന്നത്തെ അത്യന്തം പരിതാപകരമായ സാമ്പത്തിക തകർച്ചക്ക് സത്വരമായ പരിഹാരം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

## ശ്രീ മനഴിക്ക് യാത്രയയപ്പ്

മുപ്പതിൽപ്പരം വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സർവീസിൽനിന്നും വിരമിച്ച, അദ്ധ്യാപക പ്രസ്ഥാനത്തിന്റെ കരുത്തനായ നേതാവ് ശ്രീ ആർ. എൻ. മനഴിക്ക് തലസ്ഥാനത്തെ അദ്ധ്യാപക/സർവീസ് സംഘടനാ/ട്രേഡ് യൂണിയൻ പ്രവർത്തകരും പ്രമുഖ വ്യക്തികളും ചേർന്ന് ഊഷ്മളമായ സ്വീകരണം നൽകി. വിവിധ സംഘടനാ ട്രേഡ്‌യൂണിയൻ നേതാക്കൾ ശ്രീ മനഴിയെ ഹാരാർപ്പണം ചെയ്ത് ആശംസകളർപ്പിച്ചു. A K. P. C. T. A യ്ക്കു വേണ്ടി പ്രൊഫ എം. ദിവാകരൻ നായർ ഹാരാർപ്പണം നടത്തി. സ. കെ. അനിരുദ്ധന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ശ്രീ. മനഴിയുടെ ബഹുമുഖ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശിക്കൊണ്ടും അദ്ദേഹത്തിന് ഭാവുകങ്ങൾ ആശംസിച്ചുകൊണ്ടും ശ്രീ. പി. ടി ഭാസ്ക്കര പണിക്കർ പി. ഗോവിന്ദപ്പിള്ള, പി. കെ. നമ്പ്യാർ, കെ. വി. രാജേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

AKPCTA

## അഭിമാനകരമായ വിജയം

ധനുവച്ചപുരം വി.ടി.എം.എൻ.എസ്സ്. എസ്സ്. കോളേജ് കൗൺസിലിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ A K.P.C.T.A. ഉജ്ജ്വല വിജയംനേടി. സംഘടനയുടെ സ്ഥാനാർത്ഥികളായിരുന്ന പ്രൊഫ. എം. ദിവാകരൻനായർ (യൂണിററ് സെക്രട്ടറി) പ്രൊഫ. ടി. എൻ. രാമൻപിള്ള, പ്രൊഫ. സനാതനട്ടേതിരി, പ്രൊഫ. ജെ. പത്മകുമാരി എന്നിവർ ആണ് വിജയിച്ചത്. മാനേജ്ജുമെൻറ് വിലാസം സംഘടന, നിലനില്പിന് വേണ്ടി ഇടം തേടുന്ന എം. ആർ. സി. സംഘം എന്നിവയുടെ സഖ്യത്തെയാണ് AKPCTA പൊളിച്ചത്. കഴിഞ്ഞ വർഷത്തെ തെരഞ്ഞെടുപ്പിൽ ഈ സംഖ്യം ആയിരുന്നു വിജയിച്ചിരുന്നത് എന്നതു കൊണ്ട് തന്നെ A K.P.C.T A യുടെ ഈ വിജയം പ്രത്യേകം ശ്രദ്ധേയമാണ്.

# വാർത്തകൾ

## സർവകലാശാലാ ജീവനക്കാർക്കെതിരായുള്ള നടപടികൾ പിൻവലിക്കുക

കേരള സർവകലാശാലയെ ഒരു ഭരണ സ്തംഭനത്തിലേക്കു എത്തിക്കുവാൻ മാത്രം ഉതകുന്ന ജീവനക്കാർക്കെതിരെയുള്ള സസ്പെൻഷൻ നടപടിയിൽ എ. കെ. പി. സി. ററി. എ ശക്തമായി പ്രതിഷേധിക്കുന്നു.

ജീവനക്കാർക്കു ശമ്പളം നൽകുന്നത് വണ്ടി ചെക്കാക്കി ബോധപൂർവം പ്രതിസന്ധി സൃഷ്ടിക്കുവാനാണ് വി സിയും, പി വി സിയും ശ്രമിച്ചത്. പരീക്ഷാജോലികൾക്കു അദ്ധ്യാപകർക്കുള്ള പ്രതിഫലമുൾപ്പെടെ വണ്ടി ചെക്കുനൽകുന്നത് സർവകലാശാലയുടെ ഒരു സ്ഥിരം പതിവായിമാറിയിരിക്കുന്നു. തങ്ങൾക്കു ലഭിക്കേണ്ട ശമ്പളം ലഭിക്കാത്തതിനെത്തുടർന്ന് ജനാധിപത്യരീതിയിൽ പ്രതിഷേധിച്ച സംഘടനാ നേതാക്കളെ കൂട്ടത്തോടെ കള്ളക്കേസുകളിൽ കുടുക്കി സസ്പെണ്ട് ചെയ്തനേടപടി ചിന്താശൂന്യവും ധിക്കാരപരവുമാണ്.

പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരകാലത്ത് ജീവനക്കാർക്കെതിരായുണ്ടായ ശിക്ഷണ നടപടികൾ പിൻവലിച്ച് സാധാരണനില പുനഃസ്ഥാപിക്കാൻ സിണ്ടിക്കേററെടുത്ത തീരുമാനങ്ങൾ നാളിതുവരെ നടപ്പിലാക്കുവാൻ വി സി തയ്യാറായിട്ടില്ല. സംഘർഷാത്മകമായ സാഹചര്യം ബോധപൂർവം സൃഷ്ടിച്ച് കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും സർവകലാശാലാ പരീക്ഷകൾ അട്ടിമറിച്ച് ലക്ഷക്കണക്കിനു വിദ്യാർത്ഥികളുടെ ഭാവി അപകടപ്പെടുത്തുവാനും അതിന്റെ ആകെ ഉത്തരവാദിത്വം ജീവനക്കാരുടെ തലയിൽ കെട്ടിവയ്ക്കാനമുള്ള ജുഗുപ്സാവഹമായ ഗൂഢ തന്ത്രത്തിന്റെ പരിണിത ഫലമാണ് ഈ നടപടികളെന്ന് ഞങ്ങൾ ന്യായമായും സംശയിക്കുന്നു.

ഈ നടപടികൾ പിൻവലിച്ച് സർവകലാശാലയിൽ സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കണമെന്ന് എ. കെ. പി. സി. ററി. എ ആവശ്യപ്പെടുന്നു.

പ്രൊഫ. വി. നാരായണൻകുട്ടി
ജനറൽ സെക്രട്ടറി
എ. കെ. പി. സി. ററി. എ.

---

## മെഹ്രോത്രാ കമ്മററി ശുപാർശകൾ ഉചിതമായ ഭേദഗതികളോടെ നടപ്പിലാക്കികിട്ടാനുള്ള പ്രക്ഷോഭണം ശക്തിപ്പെടുത്തുക

### സംസ്ഥാന കമ്മററിയുടെ ആഹ്വാനം

1. ഇന്ത്യയിലെ യൂനിവേഴ്സിററി-കോളേജ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതു സംബന്ധിച്ചുള്ള മെഹ്രോത്രാകമ്മററി റിപ്പോർട്ട് ഇനിയും വെച്ചുതാമസിപ്പിക്കാതെ എത്രയും വേഗം നടപ്പിലാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. റിപ്പോർട്ടിലെ ലഭ്യമായ പ്രസക്ത ഭാഗങ്ങൾ ചർച്ച ചെയ്തു യോഗം താഴെ പറയുന്ന സവിശേഷതകൾ ശ്രദ്ധിക്കുകയുണ്ടായി.

(1) എല്ലാ സംസ്ഥാന ഗവണ്മെണ്ടുകളും ഈ ശുപാർശകൾ നടപ്പിൽ വരുത്തുന്നുണ്ടെന്നുറപ്പു വരുത്തുവാൻ ഇതിന്നു വേണ്ടിവരുന്ന അധികച്ചിലവത്രയും 5 വർഷത്തേക്ക് കേന്ദ്രം വഹിക്കണമെന്നു കമ്മററി ശുപാർശ ചെയ്തിട്ടുണ്ട്.

(2) കേന്ദ്ര യൂണിവേഴ്സിററികളിലെ ശമ്പള നിർണ്ണയ വ്യവസ്ഥയും കേന്ദ്ര നിരക്കിലുള്ള ക്ഷാമബത്തയും ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്.

(3) പ്രൊഫഷണൽ അലവൻസ്, ലീവ് ട്രാവൽ കൺസഷൻ, വർദ്ധിച്ച നിരക്കിലുള്ള വീട്ട് വാടക അലവൻസ്, ഗൃഹനിർമ്മാണാനുകൂല്യങ്ങൾ. ഉദാരമായ ലീവനുവദിക്കാനുള്ള വ്യവസ്ഥകൾ എന്നിവയും ശുപാർശ ചെയ്തിട്ടുണ്ട്.

(4) യൂനിവേഴ്സിററി-കോളേജ് അദ്ധ്യാപകർക്കായി ഒരേ ശമ്പളസ്കെയിലുകൾ തന്നെയാണ് ശുപാർശചെയ്തിട്ടുള്ളത്.

(5) ശുപാർശ ചെയ്യപ്പെട്ട ശമ്പളസ്കെയിലുകൾ സംസ്ഥാന സ്കെയിലുകളേക്കാൾ എത്രയോ ആകർഷകമാണ് (ലക്ച്ചററുടെ ഏററവും ഉയർന്ന ശമ്പളം തന്നെ ഇന്നത്തെ കേന്ദ്ര നിരക്കിൽ 5700ക, യോളം വരുന്നുണ്ട്).

(2) അതോടൊപ്പംതന്നെ നിഷേധ സ്വഭാവമുള്ളതും അസ്വീകാര്യവുമായ ഒട്ടേറെ ശുപാർശകളും കമ്മിററി മുന്നോട്ടു വെച്ചിട്ടുള്ളത് യോഗ ശ്രദ്ധിച്ചു.

(1) അദ്ധ്യാപകർക്ക് ഒരൊററ Running scale എന്നതിന്റെ സ്ഥാനത്ത് ധാരാളം കാററഗറികൾ സൃഷ്ടിക്കാൻ ശുപാർശയുണ്ട്.

(2) അദ്ധ്യാപക ജോലിയ്ക്കു ദേശീയാടിസ്ഥാനത്തിൽ പ്രവേശന പരീക്ഷ വേണമെന്നു ശുപാർശ ചെയ്തിരിക്കുന്നു.

(3) അദ്ധ്യാപകന്റെ പ്രമോഷനുള്ള യോഗ്യതയളക്കുവാൻ യുക്തിക്കു നിരക്കാത്തതും അപ്രായോഗികവുമായ മാനദണ്ഡങ്ങൾ, വിദ്യാർത്ഥികളുടെ വിലയിരുത്തലുംപ്പെടെ ശുപാർശ ചെയ്തിട്ടുണ്ട്.

(4) ഓട്ടോണമസ് കോളേജുകളിലെ അദ്ധ്യാപകർക്ക് പ്രത്യേക പരിഗണന നൽകിയിരിക്കുന്നു.

(5) അദ്ധ്യാപകർക്ക് ഒരു code of conduct ഉണ്ടാക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു ഇത്തരം നിഷേധാത്മകമായ ശുപാർശകൾ തള്ളിക്കളഞ്ഞ് റിപ്പോർട്ടിലെ കാതലായ ശുപാർശകൾ എത്രയും വേഗം നടപ്പിലാക്കണമെന്നു യോഗം ആവശ്യപ്പെട്ടു. ഈ ആവശ്യം മുൻനിർത്തി 25-2-87 നു ഒരു ദിവസത്തെ സൂചനാ പണിമുടക്കു നടത്തുവാൻ AIFUCTO ആഹ്വാനം ചെയ്തിട്ടുണ്ടെങ്കിലും AKGCT യുമായി ആലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ സമരത്തിനു തയ്യാറെടുപ്പിനുള്ള സമയക്കുറവു മൂലം സൂചനാ പണിമുടക്കിനു പകരം അന്നേ ദിവസം ഈ ആവശ്യമുന്നയിച്ചുകൊണ്ട് അവകാശദിനമായി ആചരിക്കുവാൻ യോഗം തീരുമാനിച്ചു. അന്നേദിവസം ബ്രാഞ്ചുകൾ യോഗം ചേർന്ന് ഈ ആവശ്യമുന്നയിച്ചുകൊണ്ടുള്ള പ്രമേയം കമ്പിയടിച്ച് കേന്ദ്രസർക്കാറിലെ ബന്ധപ്പെട്ട മന്ത്രിയെ അറിയിക്കേണ്ടതാണ്.

3. കേന്ദ്രസർക്കാറിന്റെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമുണ്ടാകുന്നില്ലെങ്കിൽ 9-3-87 നു AIFUCTO ആഹ്വാനം ചെയ്തിട്ടുള്ള സംസ്ഥാന തലസ്ഥാനങ്ങളിലെ പ്രകടനം വിജയിപ്പിക്കുവാൻ യോഗം തീരുമാനിച്ചു.

---

(23-ാം പേജിന്റെ തുടർച്ച)

46. Group Insurance scheme should be made available to university / college teachers. (6.12.5)

47. Provision of suitable conveyance allowance for teachers living outside the campus may be given due consideration.

48. *The Central Government shuold meet the additional expenditure on revision of scales of pay of teachers on 100 percent basis for five years so that all the State Governments implement these scales uniformly from the stipulated ~~dated~~* (6.1.6)

വായിക്കുക-വരിക്കാരാകുക

**KERALA PRIVATE COLLEGE TEACHER**

A K P C T A യുടെ മുഖപത്രം

വരിസംഖ്യ അയയ്ക്കേണ്ട വിലാസം

'വസന്തം'

കേശവദാസപുരം

ചെമ്പകശേരിനഗർ

തിരുവനന്തപുരം-4

# 'ഇനിയുമെത്രയോ കാതമകലെ...'

"എല്ലാം തികഞ്ഞിരിക്കുന്നു, തനിക്കിനിയൊന്നും നേടാനില്ല", എന്ന ഭാവം ആർക്കും ഭൂഷണമല്ല. എന്നാൽ സ്വകാര്യകോളേജദ്ധ്യാപകൻ ഇത്തരമൊരു ചിന്താഗതിക്ക് വിധേയനാകുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു, 'താൻ ഉത്തുംഗശ്രേണിയിലെത്തിയിരിക്കുന്നു' എന്നൊരു തോന്നൽ സ്വകാര്യകോളേജധ്യാപകനെ ഗ്രസിച്ചിരിക്കുന്നു എന്നത് സത്യമെങ്കിൽ യാഥാർത്ഥ്യവുമായി എത്രയോ ദൂരെയുള്ള ഒരു നിലപാടാണ്.

അറുപതുകളുടെ തുടക്കത്തിൽ 'പാരിററിക്കു വേണ്ടി പട പൊരുതിയ സംഘടനയുടെ ആദ്യകാല പ്രവർത്തകരുടെ ചിത്രം ഇന്നും മനസിൽ മായാതെ നിൽക്കുന്നു. അന്നത്തെ യാഥാസ്ഥിതിക വൃന്ദം 'പാരിററി സമരത്തെ' എത്രയോ പുഛത്തോടു കൂടിയാണ് വീക്ഷിച്ചിരുന്നത്. എന്നാൽ ആ സമരം വിജയിച്ചു. സ്വകാര്യകോളേജധ്യാപകനും, സർക്കാർ കോളേജ് അധ്യാപകനും ഒരേ ശമ്പള സ്കെയിലും, ഇതര ആനുകൂല്യങ്ങളും അനുഭവിക്കുന്നത് ആ സമരത്തിൻെറ ഫലമായിട്ടാണല്ലൊ.

പണ്ടൊക്കെ മാനേജുമെൻറുകൾ അനുവർത്തിച്ചിരുന്ന ശൈലി തികച്ചും ജുഗുപ്സാവഹമായിരുന്നു. വനിതാകോളേജിലെ അധ്യാപികമാർ വിവാഹിതായിക്കൂടാ! വിവാഹിതരായ അധ്യാപകികമാർക്ക് പ്രസവാവധി നിഷേധിച്ചിരുന്നത്രെ!!

അധ്യാപകരും വിവേചനത്തിനു ബലിയാടായ കഥകളുണ്ട്. രണ്ടു അധ്യാപകർ ഒരേ നാളിൽ ജൂനിയർ ലക്ചറർമാരായി നിയമനം നേടുന്നു. ഒരാൾ മാനേജ്മെൻറു പറഞ്ഞു കൊടുത്ത പെൺകുട്ടിയെ വിവാഹം കഴിക്കുന്നു. രണ്ടു കൊല്ലത്തിനുശേഷം ലക്ചററായി, പിന്നെ പ്രൊഫസറായി, ഇപ്പോൾ പ്രിൻസിപ്പലുമായി. അപരൻ ഏഴുവർഷം സേവനമനുഷ്ഠിച്ചിട്ടാണ് ലക്ചറർ ആയത്!

പണ്ടൊക്കെ കൈപ്പററിയതായി ഒപ്പിടുന്ന തുക ശമ്പളമായി കിട്ടിയിരുന്നില്ല. മാനേജർമാർ കുറഞ്ഞൊരു സംഖ്യയെ കൈയിൽ കൊടുക്കുമായിരുന്നുള്ളു.

പക്ഷേ, ഇന്ന് സ്ഥിതി എത്രയോ മാറിയിരിക്കുന്നു. പൊതു ഖജനാവിൽ നിന്നു നേരിട്ടു ശമ്പളം വാങ്ങുന്നു. 1976 മുതൽ പെൻഷനും അർഹത നേടിയിരിക്കുന്നു. ക്ഷാമബത്തയും, ഉൽസവബത്തയും, ബോണസും മററും കൃത്യമായി വാങ്ങി സായൂജ്യമടയുന്നു. കഴിഞ്ഞ ശമ്പളക്കമ്മീഷൻെറ ശുപാർശ പ്രകാരം മെഡിക്കൽ റീ ഇമ്പേഴ്സ്മെൻറ് ആനുകൂല്യം കൂടി ലഭ്യമായിരിക്കുന്നു.

അറുപതുകളുടെ ആരംഭത്തിൽ തികഞ്ഞ അരക്ഷിതാവസ്ഥയിലും, അരാജകത്വത്തിലും കിടന്നിരുന്ന സ്വകാര്യകോളേജധ്യാപകന് എൺപതുകളിൽ മാന്യമായ മേൽവിലാസം കിട്ടിയത് ചെപ്പടിവിദ്യകൊണ്ടൊന്നുമല്ല; നിരന്തര നിവേദനങ്ങളുടേയും, ത്യാഗോജ്ജ്വലമായ സമരങ്ങളുടേയും ഫലമായാണ്, അതിലെത്രയോ പേർ ക്രൂശിക്കപ്പെട്ടിട്ടുണ്ടെന്നോ! പ്രൊഫ. എം. പി. പോളും, പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയും, പ്രൊഫ. വി. ആർ. എസും. ഇന്ന് ചരിത്രത്തിൻെറ ഭാഗമായിക്കഴിഞ്ഞു. ശ്രീ രാജശേഖരൻ നായർ ജീവിച്ചിരിക്കുന്ന രക്തസാക്ഷിയാണ്. സംഘടനക്ക് ചലനാത്മക നേതൃത്വം നൽകിയിരുന്ന പ്രൊഫ. ആർ ആർ. സി. ക്ക് എത്രയോ ക്രൂരവും നിന്ദ്യവും ആയ അനുഭവങ്ങളാണ് നേരിടേണ്ടി വന്നത്. പ്രീഡിഗ്രി ബോർഡു വിരുദ്ധ സമരത്തിൽ രക്തസാക്ഷിയായ കായംകുളം എം. എസ്. എം. കോളേജിലെ ശ്രീ മാത്തുക്കുട്ടിയിൽ ഓർമ്മകൾവന്നു തങ്ങി നിൽക്കുന്നു ....

സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുന്ന ഇന്നത്തെ സ്വകാര്യകോളേജധ്യാപകന് ചരിത്രപശ്ചാത്തലം വിസ്മരിക്കുവാനാകുമോ? ഇനിയും എത്രയോ സങ്കീർണ്ണമായ സമസ്യകൾ പരിഹരിക്കപ്പെടാനുണ്ടെന്നുള്ള വസ്തുത ഒന്നറിഞ്ഞെങ്കിൽ, ഉയിർത്തെഴുന്നേറെറങ്കിൽ...

(1) ഡെമോക്ളസിൻെറ ഖഡ്ഗം പോലെ തലക്കുമുകളിൽ തൂങ്ങിക്കിടക്കുന്ന പ്രീഡിഗ്രി ബോർഡു പ്രശ്നം, നമ്മുടെ അസ്തിത്വത്തിൻെറ പ്രശ്നം തന്നെയാണ്.

(2) ബി. എ. എം. കോളേജ് (തുരുത്തിക്കാട്) അധ്യാപകൻ ശ്രീ തോമസ് എബ്രഹാം, തന്നേക്കാൾ സീനിയറായ ശ്രീ.കെ.പി. മാത്യുവിനെതിരെ ഫയൽ ചെയ്ത ഒ. പി. നമ്പർ. 7260/82 എഫ് കേസിൻമേൽ 3-10-86 ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധി മനസ്സിലാക്കേണ്ട ഒന്നാണ്. വിധിപ്രകാരം ഒരാൾ അവധിയെടുത്ത ഒഴിവിൽ ഭാവിയിൽ നിയമിക്കപ്പെടുന്ന അധ്യാപകന് ഉണ്ടാകാവുന്ന സ്ഥിരം ഒഴിവിലേക്കുള്ള നിയമനത്തിനു അവകാശമില്ല! നിലവിലുള്ള നിയമത്തിൽ ഈ അവകാശത്തിനു വ്യവസ്ഥയില്ലാത്തതിനാൽ കോടതി നിസ്സഹായമാണ് !! പിന്നെ, മാനേജുമെൻറിൻെറ ഔദാര്യം കൊണ്ടു നിയമനം കിട്ടിയെങ്കിലായി !!! ഏതായാലും ശ്രീ.കെ.പി.മാത്യുവിന് ഔദാര്യം കിട്ടിയില്ല. മാനുഷികമൂല്യങ്ങളുടേയും, ധാർമിക പ്രതിബദ്ധതയുടേയും വെളിച്ചത്തിൽ സാമാന്യ നീതി ശ്രീ.കെ.പി. മാത്യുവിന് ലഭ്യമാകുമെന്ന് ധരിച്ചവരാണ് നാം. വർത്തമാന സാഹചര്യത്തിൽ ഈ വിധി അനവധി പ്രശ്നങ്ങൾ ഉയർത്തിയേക്കാം. കേരളത്തിലെ സ്വകാര്യ കോളേജുകളിൽ നിന്നും വിദേശത്തുപോയിട്ടുള്ള അധ്യാപകരുടെ ഒഴിവുകളിൽ ജോലിയിൽ പ്രവേശിച്ചവർ നിരവധിയാണ്. ഒരു ലക്ഷം രൂപ വരെ കോഴകൊടുത്തവരുമുണ്ട്. പ്രതികൂല സാഹചര്യങ്ങളാൽ വിദേശത്തു പോയവർ തിരികെ വരുന്നുണ്ട്. തൽഫലമായി പുറത്തുപോകേണ്ടി വരുന്നവർ വിരളമല്ല. അവരുടെ ഭാവി ഇന്ന് അവ്യക്തതയുടെ കരിനിഴലിലാണ്.

(3) പ്രൈമറി സ്കൂൾ ഹെഡ്മാസ്ററർക്കു വരെ ലീവ് പാസാക്കുവാനുള്ള അധികാരം കിട്ടിയിട്ടുണ്ട്. പക്ഷേ സ്വകാര്യകോളേജ് പ്രിൻസിപ്പൽമാർക്ക് ഈ അധികാരമില്ല. ഇതുമൂലം വലയുന്നത് അധ്യാപകർ തന്നെ. കോർപറേററു മാനേജുമെൻറിൻെറ കീഴിലുള്ള ഒരധ്യാപകൻ കാഷ്വൽ ലീവ് ഒഴിച്ചുള്ള അവധിയിൽ പ്രവേശിച്ചാൽ ആ കാലയളവിലെ ശമ്പളം കിട്ടുവാൻ മാസങ്ങൾ കാത്തിരിക്കേണ്ടിവരുന്നു. സ്വന്തം നാട്ടിൽ നിന്നും വളരെ ദൂരെയുള്ള കോളേജിൽ ജോലിയെടുക്കുവാൻ വിധിക്കപ്പെട്ട അധ്യാപകന് ശമ്പളമില്ലാതെ കഴിയേണ്ടിവരുന്ന അവസ്ഥ വിശദീകരിക്കേണ്ടതില്ലല്ലോ.

(4) കോർപറേററു മാനേജുമെൻറ് വകകോളേജുകളിൽ ജോലി ചെയ്യുന്നവർക്ക് സ്വന്തം ജീവിതം ആസൂത്രണം ചെയ്യുവാൻ കഴിയാറില്ല. കാരണം, യാതൊരു തത്വദീക്ഷയുമില്ലാതെയുള്ള ട്രാൻസ്ഫറുകൾ തന്നെ. അവിചാരിതമായി സ്ഥലം മാററപ്പെടുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിൻേറയും, മാനസിക ആഘാതത്തിൻേറയും കാര്യങ്ങൾ തീർത്തും സ്വകാര്യ ദു:ഖങ്ങളാണോ? അല്ല അല്ല. സ്ഥലം മാററങ്ങൾക്ക് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാകേണ്ടതാണ്.

5) സ്വകാര്യ കോളേജധ്യാപകരുടെ പ്രൊവിഡൻറ് ഫണ്ട് സംബന്ധിച്ച വസ്തുതകൾ ഞെട്ടിപ്പിക്കുന്നതാണ്. പി. എഫ്. അക്കൗണ്ട്സ് ഡയറക്ടറേററ് ഓഫ് കൊളിജിയേററ് എഡ്യുക്കേഷനിൽ സൂക്ഷിക്കപ്പെടുന്നു എന്ന വിശ്വാസത്തിൽ ആശ്വാസം കാണുന്നവരാണു നാം. പക്ഷേ. ആ ആഫീസിൽ ഇതു സംബന്ധിച്ചുള്ള കണക്കുകൾ ശരിയായി സൂക്ഷിക്കപ്പെടുന്നില്ല. പന്ത്രണ്ടു ശതമാനം നിരക്കിലുള്ള പലിശ കൃത്യമായി നിർണ്ണയിക്കപ്പെടുന്നുമില്ല! ഒരു ഉദാഹരണം പറയുകയാണെങ്കിൽ, നിലമേൽ എൻ എസ് എസ് കോളേജിലെ ഒരധ്യാപകൻ ഈയിടെ പി. എഫ് ൽ നിന്നും കടം വാങ്ങുവാൻ ശ്രമിച്ചു. അപ്പോഴാണ് അദ്ദേഹത്തിൻെറ പി എഫ്. അക്കൗണ്ട് നമ്പർ തന്നെ മാറിപ്പോയ കാര്യമറിയുന്നത്!! ഓരോ സാമ്പത്തിക വർഷത്തിൻെറ അവസാനത്തിലും, അടച്ച ആകെത്തുകയും, പലിശയും രേഖപ്പെടുത്തിയ ക്രഡിററു കാർഡുകൾ നമുക്കു കിട്ടേണ്ടതാണ്.

6) സർവകലാശാല പരീക്ഷാജോലി ഏറെറടുക്കുന്ന അധ്യാപകരെ കുരങ്ങു കളിപ്പിക്കുന്ന സമ്പ്രദായം യൂണിവേഴ്സിററി അധികൃതർ ഇന്നും വച്ചു പുലർത്തുന്നു. ഇൻവിജിലേഷൻ ഡ്യൂട്ടിക്കു നിന്നാൽ കാശു കിട്ടുന്നത് ഒരു വർഷമെങ്കിലും കഴിഞ്ഞായിരിക്കും. സ്വന്തം പണം മുടക്കി വിദൂര സ്ഥലങ്ങളിലുള്ള കോളേജുകളിൽ പ്രാക്ടിക്കൽ പരീക്ഷക്കു പോകുന്നവർ ശുദ്ധമണ്ടൻമാരായി മാറുന്നു. ചിലപ്പോൾ മൂന്നു നാലു വർഷം കഴി

ക്ക് ഒരു തുക ലഭിച്ചാൽ ഭാഗ്യം തന്നെ. വീട്ടിലിരുന്ന് തിയറി പേപ്പറുകൾ നോക്കുന്നവരുടേയും സ്ഥിതി ഒട്ടും ഭേദമല്ല. പരീക്ഷാഫീസ് മുൻകൂറായി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന സർവകലാശാലക്ക് അധ്യാപകർക്ക് ജോലി ചെയ്തതിന് വേതനം നൽകുന്ന കാര്യത്തിൽ വല്ലാത്ത വൈമുഖ്യമാണ്! ഇതു പൊറുക്കാനാകുമോ?

7) ഡയറക്ട് പേമെൻറ് സംവിധാനത്തിന്റെ ഭാഗമായി സ്വകാര്യ കോളേജധ്യാപകന് മററൊരു യജമാനനും കൂടി ഉണ്ടായി -ഡപ്യൂട്ടി ഡയറക്ടർ ഓഫ് കൊളിജിയേററ് എഡ്യൂക്കേഷൻ. ഡി ഡി സി ഇ ആഫീസുകൾ ഇപ്പോൾ അഞ്ചെണ്ണമുണ്ട്. ഈ ആഫീസുകളുടെ ഉത്തരവുകളും, പ്രവർത്തന ശൈലികളും പലപ്പോഴും പരസ്പരവിരുദ്ധമാകാറുണ്ട്. ഇവയഞ്ചും ഒരേ ഡിസി ഇതന്നെ നിയന്ത്രിക്കുന്നതാണോ എന്നു തോന്നാറുണ്ട്.

DDCE ആഫീസുകൾ ഉന്നയിക്കുന്ന തടസ്സ വാദങ്ങൾ കേട്ടു സഹികെടുന്ന അവസരങ്ങൾ ഇന്നനവധിയാണ്. ശമ്പള ബില്ലുകളും, കുടിശ്ശിക ബില്ലുകളും ഫിക്സേഷൻകടലാസുകളും, കൗണ്ടർ സിഗ്നേച്ചറുകളുമൊക്കെ ശരിയാക്കിക്കിട്ടുവാൻ ചിലപ്പോൾ കങ്കാണി ഫീസുവരെ കൊടുക്കേണ്ടിവരുന്നു. ഈ ദുസ്ഥിതി മാറിയേതീരൂ. ഈ സൂപ്പർ പ്രിൻസിപ്പൽ ആഫീസുകൾ അടച്ചുപൂട്ടി, പ്രിൻസിപ്പൽമാർക്ക്, വേണ്ട അധികാരങ്ങൾ സോപാധികം നൽകുവാൻ സർക്കാരിനെ പ്രേരിപ്പിക്കേണ്ടതുണ്ട്.

8) ''ജനാധിപത്യ ധ്വംസനം'' ഒരു മുദ്രാവാക്യമായി സ്വീകരിച്ചിട്ടുള്ളവരാണ് ഇന്നത്തെ ഭരണാധികാരികൾ. അതിനവർ കാട്ടുന്ന കോപ്രായങ്ങൾ മന്ദബുദ്ധികളെ പോലും മുഷിപ്പിച്ചിരിക്കുന്നു. സർവകലാശാലകളെ വെറും മൂന്നാംകിട സർക്കാർ ഡിപ്പാർട്ടുമെൻറുകളാക്കി തരം താഴ്ത്തുവാനുള്ള കുത്സിത ശ്രമങ്ങൾക്കെതിരെ നാം ജാഗ്രരൂകരാകേണ്ടതുണ്ട്. സ്വകാര്യകോളേജധ്യാപകന്റെ പ്രശ്നങ്ങൾ ശ്രദ്ധിക്കുവാൻ ഇന്ന് സർവകലാശാല സമിതികളിലെ നമ്മുടെ പ്രാതിനിധ്യം ചെറിയ അളവിലാണെങ്കിലും സഹായകമാണ്. എന്ത് പഠിപ്പിക്കണമെന്നും, എങ്ങനെ പഠിപ്പിക്കണമെന്നും തീരുമാനിക്കേണ്ടത് അധ്യാപകർ കൂടി ചേർന്ന ഒരു സമിതിയാവണമല്ലോ. സമൂഹത്തിൽ വ്യത്യസ്ത മണ്ഡലങ്ങളിൽ വിളങ്ങുന്ന ധിഷണാശാലികൾക്കും സർവകലാശാലാ സമിതികളിൽ പ്രാതിനിധ്യം ഉണ്ടാകേണ്ടതാണ്. അതിൽനിന്നുള്ള സംവിധാനത്തിന്റെ ന്യൂനതകൾ പരിഹരിച്ച് വിശാലമായ ഒരു കാഴ്ചപ്പാടാണ് ഒരു ജനാധിപത്യ സർക്കാർ പ്രകടിപ്പിക്കേണ്ടത്. അതിനവർ തുനിയാത്തത് ദുരുപദിഷ്ടമാണ്. അക്ഷര വൈരികളായ ചില അധികാരികളുടെ കൈയിൽ കോടാലിക്കൈയുകളാകാൻ നമ്മളിൽ ചിലർ തന്നെ വെമ്പുന്നതു കാണുമ്പോൾ കഷ്ടം തോന്നുന്നു. ''അന്ത്യപ്രലോഭനെ''ത്തെ കുറിച്ച് പരാമർശിക്കുന്ന ഭാഗം നീക്കം ചെയ്യണമെന്നു വാദിച്ച ''self styled മാർക്സിസ്ററാ''യ ഒരു സിൻഡിക്കേററംഗത്തെ ദു:ഖത്തോടെ ഓർത്തുപോകുന്നു. അദ്ദേഹവും അധ്യാപക പ്രതിനിധിയാണത്രെ. അദ്ദേഹത്തിനുണ്ടായ പ്രലോഭനമെന്തെന്നും മാത്രം വെളിച്ചത്തു വരാത്ത കഥയാണ്.

9) ദേശീയ തലത്തിൽ കോളജ്-യൂണിവേഴ്സിററി അദ്ധ്യാപകർക്ക് മാന്യമായ ഏകീകൃത ശമ്പള സ്കെയിൽ വിഭാവനം ചെയ്തുകൊണ്ടു മെഹ്റോത്ര കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. കേന്ദ്ര സർക്കാർ പ്രതികരിക്കുവാൻ കാണിക്കുന്ന അമാന്തം ക്ഷന്തവ്യമല്ല. ഇക്കഴിഞ്ഞ പാർലമെൻറിന്റെ ശീതകാലസമ്മേളനം ഗവൺമെൻറിന്റെ അനാസ്ഥയെ അപലപിച്ചിട്ടുണ്ട്. ശുപാർശകൾ ഏറെക്കുറെ നടപ്പാക്കൻ സർക്കാർ നിർബന്ധിതമാകുമെന്നു വേണം നാം ധരിക്കുവാൻ. പക്ഷേ, നമ്മുടെ സ്ഥിതിയോ? യു. ജി. സി. ഇവിടെ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ദേശീയ മുഖ്യധാരയിലേക്ക് ഒഴുകുവാൻ വെമ്പുന്ന സംസ്ഥാന ഭരണാധിപൻമാർക്ക് മെഹ്റോത്ര ശുപാർശകൾ കണ്ടില്ലെന്നു നടിക്കുവാൻ പററുമോ? നമ്മെ സംബന്ധിച്ചിടത്തോളം ഇത് നിസ്സാരമായ പ്രശ്നമല്ല.

10) ഇനിയും നമുക്കൊരു ഭവന നിർമ്മാണ പദ്ധതിയില്ല. ലീവ് ട്രാവലിംഗ് കൺസെഷൻ തുടങ്ങി എത്രയോ കാര്യങ്ങൾ നേടിയെടുക്കുവാനുണ്ട്.

നേട്ടങ്ങൾ ഉണ്ടാക്കുവാൻ പലപ്പോഴും സമരമാർഗ്ഗങ്ങൾ തന്നെ അവലംബിക്കേണ്ടിവരും. എന്നുള്ളതാണ് നമ്മുടെ അനുഭവം. നമ്മളിൽ ചിലർക്കൊക്കെ ഇപ്പോൾ സമരമെന്നു കേൾക്കുന്നതു തന്നെ അലർജിയാണ്''. ഉച്ചയുറക്കത്തിന്റെ ആലസ്യത്തിൽ നാസികാഗ്രത്തു വന്നിരിക്കുന്ന മക്ഷികയോടുള്ള മനോഭാവം സമരാഹ്വാനങ്ങളോടു ഒരു ന്യൂനപക്ഷമെങ്കിലും പ്രകടിപ്പിക്കുന്നില്ല എന്നു ഞാൻ ഭയപ്പെടുന്നു. എന്റെ ഭയം അസ്ഥാനത്തായെങ്കിൽ എന്നാശിക്കട്ടെ.

# Report of the R.C. Mehrotra Committee on revision of pay scales of teachers in universities and colleges.

## Summary of Main Recommendations Career/Professinoal Develoᵖment of Teachers.

1. A programme of orientation courses for new entrants to the profession should be introduced. A systematic provision should be made for evaluation of teachers in the orientation refresher courses during the probationary period and a teacher should be confirmed only on satisfactory performance in these. (4 2.1.)

2. The extremely vast growth of knowledge has necessitated arrangements for refresher courses of longer duration (about five weeks) which should be so scheduled that every teacher is exposed to at least one course in the period (say five years). The content of these refresher conrses should focus upon:-

(i) exposure to newer methods; and

(ii) better ways of disseminating the existing and new knowledge.

The performance in these programmes should be considered at the time of promotion. (4 2.2.)

3 The I G N O U should be requested to provide for a variety of courses and to enable the teachers to take advantage of such courses. The registration fees, etc., should be provided to them. (4,2.3.)

4. Participation of teachers in seminars, etc., should be encouraged and facilitated. (4.2.4.)

5. Adequate facilities should be provided to teachers for study leave, etc., to enable them to pursue M.Phil/Ph.D. programmes, which should be strengthened and restructured so that these provided useful inputs in improving their capabilities as teachers. (4.2.5.)

6. Evaluation of Teachers:

(i) A reliable and credible, system of evaluation by students, of teachers' perfo-rmace should be worked out carefully and meticulously and introduced gradually and selectively.

(ii) Every teacher may be requested to submit a periodical "self assessment report" on all the facets of his work such as teaching, research and extra curricular activities.

(iii) A credible methodology should be developed to facilitate qualitative assessment of self appraisal reports by superiors and peers in the discipline. Individual bias could be neutralized by having a committee of, three members, one member of which may be replaced every year. (4 3.3.)

7. Work Load:

The Committee endorses the view taken by the UGC in the Regulations formulated by it regarding working days and work load of the teachers. However, if academic necessities so require, suitable adjustments may be made with the prior permission of the Head of Department/Institution. (4.4.)

8. At the time of recruitment every teacher should be required to sign a contract to

be lodged with the Registrar / Principal with a copy to the teacher concerned. Universities should draw up forms of contract designed to reflect their particular needs and those of their affiliated colleges. (5.2.)

9. Mobility:

The Committee is in agreement with the NCT-II in recommending that a scheme be worked out so that *the period of service of a teacher in several institutions be added together for the purpose of superannuation benefits.*

The NCT-II has recommended that 20% of new faculty housing be set aside for them. The Committee is in full agreement with this recommendation.(5.3.)

10. Housing facilites and House Rent Allowance

The UGC and the State Governments should provide adequate resources for the construction of houses. A certain percentage of the total allocation in the Seventh Plan for Higher Education be eanmarked for housing.

A fund of about Rs. 250 crores to Rs. 300 crores may be created by the Central Government, out of which loans be given to the institutions at a nominal interest rate for construction of houses. The universities should also utilise the funds available in the provident fund for construction of houses. The current rate of HRA may be reviewed and scaled up, so that the teachers in different cities are able to rent suitable accommodation without being required to contribute at a rate higher than 10 per cent of their salaries. (5 4.)

House Building Advance should be made available to all university / college teachers. (6.12.6.)

11. Medical Facilities:

In the provision of Medical facilities, the Committee considered a number of models. The Committee had discussions with the representatives of the National Insurance Co. Ltd. A tentative scheme as suggested by the Company indicates that an annual premium of Rs. 800 to Rs. 1000 would take care of a family of four and include maternity benefits so that the cost of full medical coverage could be covered. Such a scheme would have two advantages, firstly, a universal coverage of all the teachers would lower the actuarial risk and, therefore, the quantum of premium; secondly any dispute over claims would be handled by the Insurance Company and not by the institutions which have no suitable infrastructure for the same. (5.5.2.)

12. Leave Rules:

The types of leave at present available in the Central Universities should also be available to other Universities and colleges. (5.6.)

13. Vactaions:

Teachers should utilise their vacations to update their knowledge, participate in curricular, extra curricular, extra mural or extension activities and work for the university/college if needed. (5.7.)

14. Civic Rights:

The Committee endorsed the recommendations of the Education Commission that *teachers should be free to exercise all civil rights and legal instruction should be placed on their participation in elections. but when they do so, they should be expected to proceed on leave.* The Committee recommends that such leave should be without pay, protecting his service benefits and increments so that when

he returns to the institution his interests do not suffer. (5.8.)

15. *The age of superannuation of teacher may continue to be 60 years.* However, if on the recommendations of the 4th Pay Commission the Central Government agrees to increase the age of retirement of its employees beyond 58 years, the age of retirement of teachers should be correspondingly increased beyond 60 yeers. (5.9.2.)

The University/Colleges may appoint the distinguished teachers on contract basis after superannuation. For this purpose, supernumerary positions may be created in the universities. (5.9.3.)

16. **Code of Conduct:**

A suitable Code of Conduct should be evolved. The Committee has indicated the broad lines on which the code should be framed. (5.10.1.)

The Committee has also recommended that minor penalties such as (i) warning or censure (ii) withholding of increments and. (iii) deduction from salary are specifically indicated and incorporated in the rules. For services misconduct, major penalties. Such as (a) dismissal (b) termination of service and (c) reduction in rank should be laid down by the university/ college. (5.10.2.)

17. A teacher should be eligible for the next higher scale of Lecturer (Senior Scale) *only after obtaining a research degree coupled with satisfactory appraisal in* other facets of his work. Rather than prescribing (some sort of) a research degree as a more passport for a lecturer's position, the Committee would like to emphasize the importance of continued research inputs by teachers at all levels throughout their career and has, therefore, emphasized this itme in their annual performance reports.

Additional increments may be sanctioned to research degree holders at the time of selection as lecturers. (6.2.7)

18. All aspirants for post of lecturer in university / college, should have passed a national qualifying examination. This recommendnation is inline with the recommendnation of the National Commission on Teachers-II. (6.2.9)

19. The Merit Promotion Scheme in its present form would need considerable improvement. The Committee has, therefore, evolved a system under which bright and promising teachers will be given the opportunity to secure an early rise in their career. Those who are not so bright will follow a comparatively slow moving stream. These include completing a course at the Indira Gandhi National Open University or any other recognised institution, attending summer institutes, doing M. Phil, or Ph.D. and subjecting themselves to continous self-appraisal. (6.2.12)

20. In the new scheme proposed, provision has been made for two stages of promotion for lecturers. These are linked with some performance criteria. Provision of a imuch larger number of posts than at present at the Reader's and Professor's level so that brilliant teachers are able to compete quite early in their careers on an All-India basis for higher posts on the basis of their excellence. (6.2.13)

In order to attract and retain talented teachers the *principle of flexible complementing,* which has already been adopted in the Scientific Cadre, may be introduced for Readers and Professors in the teaching institutions. (6.2.12)

21. It would be desirable to provide for posts at higher levels so that more qualified teachers could be attracted to colleges also. The posts of Readers and Professors should be created in suitable and deserving colleges. The UGC should evolve suitable criteria for indentifying colleges where such posts may be instituted. While recruiting persons at the Readers and Professors level in the colleges in particular, due emphasis should be given to teaching capabilities and innovation in teaching alongwith research attainments. (6 2.14)

22. The benefit of interim relief be extended to teachers of the state universities and colleges from the date from which it was implemented for teachers of Central Universities. (6.2.3)

23. Revision of Pay scale

The Committee. has based its recommednations on the scales of pay for university and college teachers in the existing framework of scale of pay in the universities and the Central Services; these should consequently *be regarded as notional pay scale only. These pay scales would have to be converted in the light of the recommendations of the Fourth Pay Commission. (6.4)*

23.1 Pay Scales :

The pay scales recommended are as follows:

| University | pay scalcs in the existing framework |
|---|---|
| i) Lecturer | Rs.700-40-1100-50-1600 |
| ii) Lecturer (Senior Scale) | Rs.1200-50-1300-60-1900 |
| iii) Lecturer (Selection Grade) | Rs.2000-125/2-2250-2500 |
| iv) Reader | Rs.1500-60-1800-100-2000-125/2-2250-2500 |
| v) professor | Rs.1800-100-125/2-2750-125-3000 |

| College (Post-graduate and Under-graduate) | pay scales in the existing framework |
|---|---|
| i) Lecturer | Rs. 700-40-1100-50-1600 |
| ii) Lecturer (Senior Scale | Rs.1200-50-1300-60-1900 |
| iii) Lecurer (Selection Grade) | Rs.2000-125/2-2250-2500 |
| iv) Reader | Rs.1500-60-1800-100-2000-125/2-2250-2500 |
| v) Professor | Rs.1800-100-2000-125/2-2750-125-3000 |
| vi) Principal (i) | Rs.1500-60-1800-100-2000-125/2-2250 |
| (ii) | Rs.1800-100-2000-125/2-2750-125-3000 |

(6.4.1)

23.2 The Principal should be placed either in the grade of a Reader or in the grade of a professor.(6.4.2)

23 3 A Provision should be made to award UGC Professorships on the lines of the Indian National Science Academy Award to some professors who have shown outstanding merit in their field of work. They should be given the pay of Rs.3500 (in the existing framework and the usual allowances available to the university teschers. The selection for such awards should be done at the national level (6.4.3)

24. The UGC may evolve a scheme to award on an all-India basis additional increments as special pay to Lecturers and Readers for exceptional performance in teaching or research and these should be treated as special pay. (6.4.4)

25. Minimum qualifications for the post of Lecturer should be as follows :-

(i) Qualifying at the National Test conducted for the purpose by the UGC or any other agency approved by the UGC.

(ii) Master's degree with at least fiftyfive per cent marks or its equivalent grade and good academic record-The minmum quelifications menticned above should not be relexed even for candidates possessing M. Phil/Ph. D. qualification at the iime of recruitment. (6. 4 5·)

26. *A letcurer may normally be put on probation for a pariod of two years.(6 4 7)*

27. A Lecturer may be considered for promotion to lecturer (Sr.Scale) Rs.1200-1900 after completing eight years of service as a lecturer, or on reaching a basic pay of Rs.1020 and having the following minimum qualifications :-

(i) Ph.S degree (In Colleges where facilities for doing Ph.D.are not available, the Ph.D.qualification may be replaced by the acquirement of the M.Phil. degree in addition to satisfactory completion of a course organissed by Indira Gandhi National open University or any other agency recognised by the UGC).

(ii) Two summer institutes or refresher courses or orientation courses of about five weeks duration.

(iii) Consistently good appraisal reports (6.4 9)

28. Lecturer may be appointed directly in the Senior Scale (Rs.1200-1900). The main qualifications for direct recruitment should be the same as provided for promotion for lecturer (Senior Scale). (6.4.9)

29 A Lecturers would cease to earn his annual increments beyond Rs 1300 in case he does not acquire the following minimum qualifications even after reaching the basic pay of Rs.1300 :-

Ph D.Degree

or

M.Phil degree ; alongwith satisfactory completion of a course organised by Indira Gandhi National Open University or any other agency recognised by the UGC (6.4.10)

30. A Lecturer (Senior Scale) could be promoted to Lecturer (Selection Grade) provided :

(i) he has reached the basic pay of Rs. 1900 in the scale of Rs.1200-1900 ;

(ii) Attended two refresher courses or summer institutes after his placement in the scale of Rs.1200-1900.

(iii) his performance appraisal reports are found satisfactory by the selection committee including at least one outside expert. (6.4.11)

31. A lecturer who was appointed in the scale of Rs.700-1600 and the prescribed qualification at the time of his recruitment was M.Phil (College) and Ph.D. (University), may be promoted to the scale of Lecturer (Senior Scale) provided;

i) he has a minimum teaching experience of eight years.

ii) he acquired M.Phil (College Lecturer) or Ph.D.degree.

iii) he has satisfactorily completed a course organised by Indira Gandhi National Open University;

iv) his performance appraisal reports are found satisfactory (6.5.1)

32. A Lecturer who was appointed prior to implementation of the last revision of pay scales and placed in the scale of Rs 700-1600 after the revision of scales and the qualification prescribed at the time of his initial recruitment was not M Phil/Ph.D., such lecturer may be placed in the scale of lectuer (Sr. Scale) provided he satisfies the conditions prescribed under para 6 5.1 except that the minimum experience for Lecturer withoutM.Phil/Ph.D. should be 10 (instead of eight) years. (6.5.2)

33. For teachers who already have the minimum experience of 8/10 years at the time of implementation of this promotional scheme. may be given one advance increment provided they are able to satisfy conditions (iii) and (iv) under para 6.5.1 within one year of their becoming eligible for the selection grade (6 5.3)

34. A Lecturer on reaching Rs. 1900 in the scale of Rs 1200-1900 may be considered for the post of lecturer (selection grade) subject to the conditions that:

i) he has completed at least two refresher courses after his placement in the grade of Rs.1200-1900;

ii) his perfomance appraisal reports are found consistently good (6.5.4)

35. Suitable adjustments may be made by the Commission while prescribing minimum qualifications for the post of Lecturers in different faculties. (6-7-1)

36. Uniform conditions of service for teachers in all the faculties within the University system should be adopted. (6.7.1)

37. The non-practising allowance being paid to teachers in medical institutions may be continued and suitably revised (6.7.2)

38. Teachers in medical colleges who have to attend emergency duties at odd hours should be provided with a telephone at the residence and conveyance facilities. (6.7 2)

39. Selection of Readers and Professors should be made on all India basis. (6.8)

40. The State Governments may conside the question of revision of pay scales of Demonstrators/Tutors. (6.9)

41. Appointment of part-time/guest teachers may be permitted in the colleges and Universities as per the guidelines issued by the University Grants Commission. The UGC should review the rates of honoraria payable to part-time/guest teachers in the light of revised scales for full-time teachers. (6.10)

42. The rate of Dearness Allowance payable to all teachrs in the Universities and colleges should be at par with those in Central Universities. (6.12.12)

43. Scheme of Pension-cum-Gratuity-cum-General Provident Fund and Contributory Provident Fund-cum-Gratuity in the Central Universities, should be extended to teachers of other universities and colleges. (6.12.1)

44. Every teacher should be given a *professional allowance* of Rs. 1000 per annum. (6.12.3)

45. The facility of *leeve travel concession* to visit home town and any place in the country, as available to Central Government Employees, and Central University teachers, should be made available to al University/college thachers. (6.12.4)

( .... Contd Page 14)

GOVERNMENT OF KERALA

**Abstract**

Pay revision 1973 and 1978-Re-option not covered by the guidelines-Chance for re-option-Orders issued.

## FINANCE (PRU) DEPARTMENT

G.O. (P) No. 128/87/Fin.

Dated, Trivandrum, 7-2-1987

Read,- 1. G.O. (P) 101/80/(167) Fin. dated 30-1-1980.

2. G.O. (P) 515/84/Fin. dated 15-9-1984.

3. G.O. (P) 133/85/ Fin. dated 5-3-1985.

4. G.O. (P) 312/86/ Fin. dated G 19-4-1986.

ORDER

In the Government Order read as first paper above,Government prescribed guidelines for allowing re-options in respect of past general pay revisions. Government are receiving requests for re-options relating to 1973 and 1978 pay revisions, which are not covered by the guidelines issued in the Government Order read as first paper above.Service Associations have also represented to Government that another chance for re-option in respect of 1973 and 1978 pay revisions may be allowed to the employees. After considering the matter in detail, Government are pleased to order that Government employees, teaching and non-teaching staff of aided schools, private colleges and polytechnics and employees of local bodies will be allowed one more chance to exercise revised option in respect of 1973 and 1978 pay revisions subject to the following conditions:

(i) Arrears on account of such re-option will be payable only from the date of exercise of re-option.

(ii) Refund of excess pay drawn, if any be made in lump.

2. As a result of the re-option to be made for 1973 and 1978 pay revisions, in the case of certain employees, it may become, necssary to exercise revised option in respect of service based higher grade/non-cadre promotions. Such revised option 'consequent' on the re-option for 1973 and 1978 pay revisions will also be allowed subject to the conditions mentioned in para 1 above.

3. Only serving employees will be permitted to exercise re-option as per these orders and the last date for exercise of revised option will be 31-3-1987 Re-options received after 31-3-1987 will not be entertained on any account.

4. Non-Gazetted Officers will forward their option to the officer who draws their salary or countersigns the salary bills as the case may be, and the Gazetted Officers to the Accountant General (A&E), Kerala The option statement will be pasted in the service book in the case of Non-Gazetted Officers after being countersigned by the concerned officer with date.

5. Heads of Departments will ensure that the contents of this order are brought to the notice of all the employees under their control, including those on deputation to foreign service.

By order of the Goveronr,

P. K. Krishnankutty nair,

Additional Secretary.

## STATEMENT OF OWNERSHIP AND OTHER PARTICULARS ABOUT KERALA PRIVATE COLLEGE TEACHER

| | | |
|---|---|---|
| 1. Title of the Newspaper | : | KERALA PRIVATE COLLEGE TEACHER |
| 2. Place of Publication | : | TRIVANDRUM, KERALA |
| 3. Periodicity of Publication | : | MONTHLY |
| 4. Printer's Name | : | Prof. V. NARAYANANKUTTY |
| Nationality | : | Indian |
| Address | : | Professor<br>Guruvayoorappan College, Calicut. |
| 5. Publisher's Name | : | Prof. V. NARAYANAN KUTTY |
| Nationality | : | Indian |
| Address | : | Professor |
| | : | Guruvayoorappan College, Calicut. |
| 6. Editor's Name | : | V. N. MURALI |
| Nationality | : | Indian |
| Address | : | Vasantham,<br>Chempakassery Lane,<br>Kesavadasapuram, Trivandrum-4 |
| 7. Name and Address of the individuals who own the newspaper | : | ALL-KERALA PRIVATE COLLEGE TEACHERS' ASSOCIATION |

I, Prof. V. Narayanankutty hereby declare that the particulars given above are true to the best of my knowledge and belief.

15-3-1987

Sd/—
Prof. V. Narayanan kutty

Kerala Private College teacher

monthly journal of the all Kerala private college teachers' association
No. 69 R. No.M-36025 / 81 Registered No. KL TV (N) 35

# A K P C T A WELFARE TRUST

സർവീസിലിരിക്കെ ചരമമടയുന്ന
സഹജീവികളുടെ കുടുംബങ്ങളെ
സഹായിക്കുന്നതിനുള്ള ക്ഷേമനിധിയിൽ
അംഗങ്ങളാകുക

printed and published by v. narayanankutty, at chempaka printers, trivandrum-4
phone: 82127 chief editor. v. n. murali.